ഏലക്കായുടെ സുസ്ഥിര ഉൽപ്പാദന രീതികൾ



german cooperation
DEUTSCHE ZUSAMMENARBEIT

Funding programme
Partners in Transformation
develoPPP

Implemented by
giz Deutsche Gesellschaft für Internationale Zusammenarbeit (GIZ) GmbH

In cooperation with
AVT McCORMICK INGREDIENTS PVT. LTD.

Published by:
Deutsche Gesellschaft für
Internationale Zusammenarbeit (GIZ) GmbH

Registered offices:
Bonn and Eschborn, Germany

**Enhancement of Smallholder Spice Farmers'
Capacities in Sustainable Farming Project (DPPP Spices),
Indo-German Biodiversity Programme (IGBP)**
A2/18, Safdarjung Enclave,
New Delhi - 110029, India
T +91-11-4949 5353
F +91-11-4949 5391
E ravindra.singh@giz.de
W www.indo-germanbiodiversity.com

This developPPP project aims to strengthen the production of cardamom (Kerala), Cumin and Dill seed (Rajasthan) turmeric (Tamil Nadu and Karnataka), Celery (Punjab and Haryana) by increasing the capacities of spice farmers and making the production practices economically, socially and environmentally more sustainable.

Responsible:
Ravindra Singh, Director, IGBP, GIZ India

Editors:
Dr. Poonam Pande, Former Project Manager, DPPP Spices, IGBP, GIZ India
Pradnya Thombare, Agriculture Advisor, DPPP Spices, IGBP, GIZ India
Syeda Tanbir Azmi, Communication and Knowledge Management Specialist, IGBP, GIZ India
Also acknowledging contributions from Vikaash Som

Design:
Tryphena Kirubakaran

Photo credits:
Ashok P. Nair, AVT McCormick
Pradnya Thombare, Agriculture Advisor, DPPP Spices, IGBP, GIZ
Vallath Angappan, Field Executive, AVT McCormick

Malayalam Translation:
Dr. Thomas J.

As at September 2023

On behalf of the
German Federal Ministry for Economic Cooperation and
Development (BMZ)

Disclaimer:
This handbook will be used only for educational purpose free of cost and will not be sold as commercial publication. Photographs in the handbook are only used for demonstration of the concept with no obligation of any type on the source of content used in the handbook.

കർഷകരുടെ കൈ പുസ്തകം

ഏലക്കായുടെ സുസ്ഥിര ഉൽപ്പാദന രീതികൾ





ഉള്ളടക്കം

1. എന്തുകൊണ്ട് സുസ്ഥിര കാർഷിക രീതികൾ 5

2. ഇന്ത്യയിലെ സുഗന്ധവ്യഞ്ജന ഉൽപാദനത്തിന്റെ അവലോകനം 13

3. സുസ്ഥിര ഏലം കൃഷി രീതികൾ 19

4. ഫാം സുസ്ഥിരത വിലയിരുത്തലിനുള്ള അവലോകനം (FSA) 61

5. സംഗ്രഹം 78

6. റഫറൻസുകൾ 80



1 എന്തുകൊണ്ട് സുസ്ഥിര കാർഷിക രീതികൾ



1. സുസ്ഥിരമായ കാർഷികരീതികൾ എന്തുകൊണ്ട് ?

സുസ്ഥിരമായ കാർഷികരീതികളുടെ ആവശ്യകതയും പശ്ചാത്തലവും

ചരിത്രപരമായി നമ്മുടെ മണ്ണ് ഫലദ്രയിഷ്ടവും ആവശ്യമായ വിളകൾ നൽകാൻ പാകത്തിനുള്ളതുമായിരുന്നു. കാരണം മഴയായോ ജലസേചനമായോ നമുക്ക് ആവശ്യത്തിന് വെള്ളം ഉണ്ടായിരുന്നു. എന്നാല് കഴിഞ്ഞ കുറച്ചനാളായി ഹരിതവിപ്ലവത്തോടുകൂടി മെച്ചപ്പെടുത്തിയ വിള വിളവിന്റെ ഫലമായി ഭക്ഷ്യോത്പാദനം ഗണ്യമായി വർധിച്ചു. യന്ത്രവത്ക്കരണം, പുതിയ വിളവ്, ഉയർന്ന രോഗപ്രതിരോധശേഷിയുള്ള വിള ഇനങ്ങൾ, ജലസേചനം പ്രത്യേകിച്ച് ധാതുവളങ്ങളുടെ ഉപയോഗം തുടങ്ങി സാങ്കേതികവിദ്യകളുടെ വൻ സ്വീകാര്യതയും ഇതിന് കാരണങ്ങളാണ്. പ്രത്യേകിച്ച് NPK ഉപഭോഗത്തില് 1970-71 മുതല് 2018-19 വരെ കാലയളവിൽ 11.84 മടങ്ങ് വളർച്ചയുണ്ടായി. വളം ഉത്പന്നങ്ങളുടെ ഉപഭോഗം 2009 ൽ 50.6 മെടിക് ടൺ ആയിരുന്നത് 2020 ആയപ്പോൾ 61.4 ആയി വർധിച്ചു. എന്നിരുന്നാലും ഉത്പാദനക്ഷമത 1970-71 കാലഘട്ടത്തില് kg ന് 28kg ആയിരുന്നത് 2019-20 ൽ kg ന് 10kg ആയി കുറഞ്ഞു. ധാതുവളങ്ങളുടെ അമിതോപയോഗം മണ്ണിൽ ധാതുസംയുക്തങ്ങൾ കുമിഞ്ഞുകൂടാനും ഇത് മണ്ണിന്റെ ലവണാംശവും ക്ഷാരതയും വർധിപ്പിക്കാനും ഇടയാക്കി. ഇതുവഴി മണ്ണിന് ഗുണകരമായ സൂക്ഷ്മാണുക്കൾ കുറഞ്ഞു. സസ്യസംരക്ഷണ രാസവസ്തുക്കളുടെയും കളനാശിനികളുടെയും ഉപയോഗം ഗണ്യമായി വർധിക്കുകയും ദോഷകരമായ പ്രാണികളെയും കീടങ്ങളെയും കളകളെയും നിയന്ത്രിക്കുകയും ചെയ്തു. ദീർഘകാലത്തേക്കുള്ള കാർഷികരാസവസ്തുക്കളുടെ അമിതോപയോഗം ഈ മണ്ണിന്റെ ജൈവവൈവിധ്യത്തെയും കാർഷിക ആവാസ വ്യവസ്ഥയ്ക്ക് ഗുണകരമായ സൂക്ഷ്മാണുക്കളെയും പ്രതികൂലമായി ബാധിച്ചു. വിളകളിലെ ചില കീടങ്ങൾക്കും പ്രാണികൾക്കും പ്രതിരോധം വികസിപ്പിക്കുന്നതിലേക്ക് ഇത് ഇടയാക്കി. കീടനാശിനികളുടെ അമിതോപയോഗത്തിന്റെ ഫലങ്ങൾ ഉപയോഗിച്ച കീടനാശിനി ഏതുതരത്തിലുള്ളതാണെന്നതിനെയും അതിന്റെ ഡോസിനെയും ആശ്രയിച്ചിരിക്കുന്നു. എന്നാലിത് പോഷകങ്ങളുടെ ഘടകങ്ങളെയും ഉത്പന്നത്തിന്റെ ഗുണനിലവാരത്തെയും പ്രതികൂലമായി ബാധിക്കും. ഭക്ഷ്യസുരക്ഷ, മനുഷ്യനും പരിസ്ഥിതിയുടെ ആരോഗ്യവും, പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തലും മണ്ണിന്റെ ജൈവവൈവിധ്യ സംരക്ഷണവും തുടങ്ങി നിരവധി ഭീഷണികൾ ഉയർന്നുവരുന്ന ഘട്ടത്തിലാണ് നാം എത്തിയിരിക്കുന്നത്.



സുഗന്ധവ്യഞ്ജന കൃഷിയിലെ പ്രധാന വെല്ലുവിളികൾ

- കാലാനുസൃതമല്ലാത്ത മഴയും, മഴയുടെ രീതിയിലുണ്ടായ മാറ്റങ്ങളും
- കൃഷിയ്ക്കായി കാർഷിക രാസവസ്തുക്കളെ ആശ്രയിക്കുന്നതിലുണ്ടായ വർധന
- കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി ധാതുവളങ്ങൾ അമിതമായി ഉപയോഗിക്കുന്നത് കാർഷിക ആവാസ വ്യവസ്ഥയിലും ഭൂമിയ്ക്കും വെള്ളത്തിനും ദോഷകരമായിത്തീർന്നു.
- രാസകീടനാശിനികളുടെ അമിതോപയോഗം
- ഉത്പാദനക്ഷമത കുറയുകയും ഉത്പന്നത്തിന്റെ ഗുണനിലവാരം കുറഞ്ഞത്.
- ജലസേചന ജലത്തിന്റെ ലഭ്യത കുറഞ്ഞു
- കാർഷിക ആവാസവ്യവസ്ഥയിൽ ജൈവവൈവിധ്യം ഇല്ലാതായി
- ജലസ്രോതസ്സുകളുടെ മലിനീകരണം കാരണം ജലത്തിന്റെ ഗുണനിലവാരം കുറഞ്ഞു
- ഉറപ്പില്ലാത്ത വിലകൾ



കർഷകര് പിന്തുടരുന്ന നിലവിലെ രീതികള് നിലനില്ക്കാത്തതാണ്. a) കീടനാശിനികളുടെ വിവേചനരഹിതമായ ഉപയോഗവും രാസവളങ്ങളുടെ അനുചിതമായ അളവും b) ജലസേചനത്തിലെ അപാകതകൾ c) തെറ്റായരീതിയിലുള്ള മാലിന്യസംസ്കരണം d) വിളവെടുപ്പിന് ശേഷമുള്ള അപര്യാപ്തമായ പരിപാലനവും മോശം തൊഴിലാളി ല. ഭൃതയും ഇന്ത്യയില് രണ്ട് ഹെക്ടറില് താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ 86.2 ശതമാനം വരും. എന്നാല് 2015–16 ലെ പത്താം കാർഷിക സെൻസസ് പ്രകാരം പ്രൊവിഷണൽ നമ്പറുകൾ പ്രകാരം കൃഷിയോഗ്യമായ ഭൂമിയുടെ 47.3 ശതമാനം മാത്രമാണ് കൈവശം വച്ചിരിക്കുന്നത്.

രാജ്യത്തെ ശരാശരി കൈവശ ഭൂമി 2012-13 ലെ 1.16 ഹെക്ടറിൽ നിന്ന് 2015-16 ല് 1.1 ഹെക്ടറായി കുറഞ്ഞു. ഇത് ഭാവിയില് കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 67 ശതമാനം കർഷകർക്കും 1.0 ഹെക്ടറില് താഴെയായിരിക്കും ഭൂമി. ചെറിയ കൈവശഭൂമിയ്ക്കും കുറഞ്ഞ വിളവിനും കാരണമായ കാലാവസ്ഥാ വ്യതിയാനവും സുസ്ഥിരമായ രീതികളെക്കുറിച്ചുള്ള അറിവില്ലായ്മയും സാമ്പത്തികലാഭം കുറയുന്നതിനും ഗുണനിലവാരമുള്ള ഉത്പന്നങ്ങളുടെ ഉത്പാദനം കുറയുന്നതിനും ഇടയാക്കുന്നു. സുസ്ഥിരമല്ലാത്ത കൃഷിരീതികൾ കാലാവസ്ഥാ വ്യതിയാനം, ജൈവ വൈവിധ്യത്തിന്റെ നഷ്ടം, ഭൂമിയുടെ നശീകരണം, മണ്ണിന്റെയും ജലത്തിന്റെയും മലിനീകരണം തുടങ്ങിയ ആഗോളവിഷയങ്ങളില് അധിക സമ്മർദം സൃഷ്ടിക്കുന്നു.



അതിനാൽ വികസനപ്രവർത്തനങ്ങളുടെ വലിയൊരു ഭാഗം ചെറുകിട നാമമാത്ര ഭൂവുടമകളിലേക്ക് നയിക്കണം. അവരാണ് നമ്മുടെ സമ്പത്ത്‌വ്യവസ്ഥയിലെ കാർഷികമേഖലയിൽ ആധിപത്യം പുലർത്തുന്നത്. അതിനാല് സുസ്ഥിരമായ കാർഷികരീതികൾ കാലാവസ്ഥാ വ്യതിയാനം പൊരുത്തപ്പെടുന്നതിലും സാമ്പത്തിക ലാഭത്തോടെ വിള ഉത്പാദനക്ഷമത ഉറപ്പാക്കാനും പ്രധാന പങ്ക് വഹിക്കുന്നു. ഭൂമിയിൽ കൃഷി ചെയ്യാനും കാർഷിക മാലിന്യങ്ങളും ജൈവ വസ്തുക്കളും ഉപയോഗിച്ച് മണ്ണിനെ ജീവനോടെയും ആരോഗ്യത്തോടെയും നിലനിർത്താനുമുള്ള പ്രത്യേക രീതിയാണത്. പരിസ്ഥിതിസൗഹൃദവും മലിനീകരണ രഹിതവുമായ അന്തരീക്ഷത്തിൽ സുസ്ഥിര ഉത്പാദനം വർധിപ്പിച്ചുകൊണ്ട് വിളകൾക്ക് പോഷകങ്ങൾ പുറത്തുവിടാനും ഇതുവഴി സാധിക്കുന്നു. കൂടുതൽ വ്യക്തമായി പറഞ്ഞാൽ സുസ്ഥിര കൃഷിയെന്നത് കാർഷിക ആവാസ വ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ളതാണ്. അല്ലാതെ ബാഹ്യ കാർഷിക ഉത്പന്നങ്ങളായ കീടനാശിനികൾ, രാസവളങ്ങൾ, ജനിതകമാറ്റം വരുത്തിയ ജീവികൾ എന്നിവയെ ആശ്രയിക്കുന്നതല്ല. ഈ സാങ്കേതികവിദ്യകൾ വളരെ ചെലവ് കുറഞ്ഞതാണ്. കാരണം ഇതിൽ വിളവ് വിട്ടുവീഴ്ച ചെയ്യാതെ വിളകളുടെ സംരക്ഷണത്തിനായി പ്രാദേശികമായി ലഭ്യമായ വസ്തുക്കളാണ് ഉപയോഗിച്ചിരിക്കുന്നത്. ലളിതവും വിശ്വസനീയവുമായ സാങ്കേതികവിദ്യകളാണ് ഇതിൽപെടുന്നത്. വിളവും ലാഭവും വർധിപ്പിക്കാനായി ചെറുകിട നാമമാത്ര കർഷകർക് ഇത് പിന്തുടരാം. സുസ്ഥിരകൃഷിയിൽ ഇനിപ്പറയുന്ന തത്വങ്ങൾ ഉൾപ്പെടുന്നു.

മണ്ണിന്റെ ഘടനയും ഫലഭൂയിഷ്ഠതയും ഉണ്ടാക്കിയെടുക്കുക

- വിളകളുടെയും വിള ഉത്പന്നങ്ങളുടെയും തെരഞ്ഞെടുപ്പ്
- മണ്ണിന്റെ സ്ഥിതി മെച്ചപ്പെടുത്താന് വിള ഭ്രമണം
- മണ്ണിലെ ഓർഗാനിക് കാർബണും സൂക്ഷ്മജീവികളും വർധിപ്പിക്കുന്നതിന് വിഘടനത്തിലൂടെ പ്രകൃതിദത്ത ജൈവവസ്തുക്കളുടെ പുനരുപയോഗം
- സംയോജിത പോഷക പരിപാലനം: കമ്പോസ്റ്റിന്റെ ഉപയോഗം,മണ്ണിര കമ്പോസ്റ്റ്, പച്ചിലവളം, ജീവാമൃതം, മണ്ണിന്റെ ആരോഗ്യവും ഫലഭൂയിഷ്ഠതയും കൂട്ടാനുള്ള ഓർഗാനിക് കാർബൺ, സൂക്ഷ്മജീവികളുടെ പ്രവർത്തനം എന്നിവ മെച്ചപ്പെടുത്താനുള്ള ജൈവ വളങ്ങൾ.
- ഇടവിള, സമ്മിശ്രവിള
- മണ്ണൊലിപ്പും ഭൂമി ശോഷണവും ഒഴിവാക്കാനായി ചരിവുകളിൽ ഉടനീളം കൃഷിരീതികൾ നടപ്പിലാക്കുന്നു.



ജല സംരക്ഷണവും, ജലത്തിന്റെ ഗുണനിലവാരം നിലനിർത്തുന്നതും

- ഫാം ബണ്ടുകൾ, കിടങ്ങുകൾ, ചരിവുകളിലൂടെയുള്ള കൃഷിരീതികൾ തുടങ്ങി മണ്ണ്, ജലം എന്നിവയുടെ സംരക്ഷണത്തിനായുള്ള നടപടികൾ സ്വീകരിക്കുക.
- മൈക്രോ ഇറിഗേഷൻ സാങ്കേതിവിദ്യകൾ പോലുള്ള മെച്ചപ്പെട്ട ജലസേചന സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ജലം സംരക്ഷിക്കുന്നു.
- ഭൂഗർഭ ജലമലിനീകരണം ഒഴിവാക്കാനായി ഏറ്റവും കുറഞ്ഞതും ശ്രുപാർശ ചെയ്യുന്നതുമായ കാർഷിക രാസവസ്തുക്കളുടെ ഉപയോഗം.
- ജൈവകീടനാശിനികൾ ഉപയോഗിച്ചും സിന്തറ്റിക് കീടനാശിനികളുടെ കുറഞ്ഞ ഉപയോഗത്തിലൂടെയും പാരിസ്ഥിതികമായി കീടങ്ങളെ നിയന്ത്രിക്കുക. (സംയോജിത കീട-രോഗ പരിപാലനം).
- വിളകളിലെ കീടങ്ങളുടെ ആക്രമണം കുറക്കുന്നതിനുള്ള പ്രതിരോധവും സംരക്ഷണ നടപടികളും.

പ്രതിരോധ നടപടികൾ

- മണ്ണ് സോളാറൈസേഷൻ
- ഉചിതമായ രീതിയിൽ നിലമൊരുക്കാനുള്ള പ്രവർത്തനങ്ങൾ
- മണ്ണ് ഉത്പാദനക്ഷമമാക്കാനായി പച്ചിലവളങ്ങളുടെ കൃഷി, വേപ്പിൻ പിണ്ണാക്ക് പ്രയോഗം, മണ്ണിര കമ്പോസ്റ്റിങ് എന്നിവ
- വയലിലെ വെള്ളക്കെട്ട് ഇല്ലാതാക്കാനായി ശരിയായ ഡ്രെയിനേജ് ഉണ്ടാക്കുക
- വിള ഭ്രമണം, ഇടവിള, സമ്മിശ്ര വിള
- കെണി വിളകളുടെ കൃഷി
- ബയോളജിക്കൽ ഫോർമുലേഷനുകളുടെയും പ്രയോജനകരമായ സൂക്ഷ്മാണുക്കളുടെയും ചെടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് ഉപകരിക്കുന്ന ഫംഗസുകളുടെയും സഹായത്തോടെ ഉചിതമായ വിത്ത് സംസ്കരണം.
- വിളകളുടെ വളർച്ചയ്ക്കും വികസനത്തിനും പ്രതിരോധം വർധിപ്പിക്കാനും അനുയോജ്യമായ വിള ജ്യാമിതി പരിപാലിക്കുന്നു.
- വളർച്ച സ്വാഭാവികമായി കൂട്ടുന്ന ജീവാമൃതം, പഞ്ചഗവ്യ, അമൃതപാണി എന്നിവ വിത്ത് വിതച്ച ശേഷമുള്ള 30,60,90 ദിവസങ്ങളിൽ തളിയ്ക്കുക.





- കീടങ്ങളുടെ ആക്രമം സ്വാഭാവികമായി തടയാനായി പ്രകൃതിദത്ത വേട്ടക്കാരെ ആശ്രയിക്കുന്നു. അതായത് പക്ഷികളുടെ കൂടുകൾ സ്ഥാപിക്കുന്നു.

പ്രതിരോധ നടപടികൾ

- വേപ്പ് അടിസ്ഥാനമാക്കിയുള്ള ജൈവകീടനാശിനികളുടെ ഉപയോഗം
- ദഷ്പർണി മിശ്രിതം അമൃത്പാണി പോലുള്ള ജൈവകീടനാശിനികൾ തളിക്കുക
- രാസകീടനാശിനികളുടെ ഏറ്റവും കുറഞ്ഞ ഉപയോഗം: ഉചിതമായ അളവ്, അനുവദനീയമായ പരിധികൾ

ഇത്തരത്തിലുള്ള എല്ലാ സാങ്കേതികവിദ്യകളുടെയും ചെലവ് ഫലപ്രദവും ചെറുകിട നാമമാത്ര കർഷകർക്കെല്ലാം അവരുടെ വിള ഉത്പാദനക്ഷമത ഉറപ്പാക്കാനായി ധൈര്യമായി ഉപയോഗിക്കാവുന്നതുമാണ്

ഈ സാങ്കേതിക വിദ്യകൾക്കെല്ലാം പ്രകൃതിദത്ത ചേരുവകൾ ആവശ്യമാണ്. എല്ലാത്തരം കൃഷിക്കാർക്കും ഇവ ഫലപ്രദമായി ഉപയോഗിക്കാന്കഴിയും.

കൃഷിയിടത്തിൽ ജൈവവൈവിധ്യം മെച്ചപ്പെടുത്തുക.

- പച്ചിലവളങ്ങളുടെയും ജൈവവളങ്ങളുടെയും ഉപയോഗം മണ്ണിന്റെ ജൈവവൈവിധ്യം മെച്ചപ്പെടുത്തും.
- ഇടവിള, സമ്മിശ്രവിള
- കെണി വിളകളുടെയും അതിർത്തി വിളകളുടെയും ഉപയോഗം
- പക്ഷി കൂടുകൾ, തേനീച്ച പെട്ടികൾ എന്നിവ സ്ഥാപിക്കൽ
- ധാതുവളങ്ങൾ, കീടനാശിനികൾ തുടങ്ങിയവ പോലുള്ള കാർഷിക രാസവസ്തുക്കളുടെ ഉപയോഗം ഒഴിവാക്കുക.

- വിള ഉത്പാദന വ്യവസ്ഥ കന്നുകാലി ഉത്പാദനത്തോടൊപ്പം ഏകീകരിക്കുക. അതുവഴി കന്നുകാലി മാലിന്യങ്ങൾ വളമായി ഫലപ്രദമായി ഉപയോഗിക്കാം.
- കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിൽ പ്രധാനമാണ് സംയോജിത കൃഷി സമ്പ്രദായം. ആശ്രിതത്വവും വിളകളുടെ ചെലവും ഇത് കുറയ്ക്കും.





2 ഇന്ത്യയിലെ സുഗന്ധവ്യഞ്ജന ഉത്പാദനത്തിന്റെ അവലോകനം



2. ഇന്ത്യയിലെ സുഗന്ധവ്യഞ്ജന ഉത്പാദനത്തിന്റെ അവലോകനം

- വിത്തുകൾ പഴങ്ങൾ വേരുകൾ പുറംതൊലി അല്ലെങ്കിൽ മറ്റ് സസ്യപദാർത്ഥങ്ങളാണ് പുതിയതും ഉണങ്ങിയതും പൊടിച്ചതുമായ സുഗന്ധവ്യഞ്ജനങ്ങളുടെ രൂപത്തിൽ ഉപയോഗിക്കുന്നത്. അവ ഭക്ഷണം സീസൺ ചെയ്യാനും സംരക്ഷിക്കാനും, മരുന്നുകൾ ചായങ്ങൾ സുഗന്ധദ്രവ്യങ്ങൾ എന്നിവയായും ഉപയോഗിക്കുന്നു.
- ആയിരക്കണക്കിന് വർഷങ്ങളായി സുഗന്ധവ്യഞ്ജനങ്ങൾ വളരെ വിലപ്പെട്ട വ്യാപാരവസ്തുവായാണ് കണക്കാക്കുന്നത്.
- മഹാമാരിയുടെ കാലത്ത് സുഗന്ധവ്യഞ്ജനങ്ങളുടെ ഔഷധഗുണങ്ങൾ കാരണവും പ്രതിരോധശേഷി വർധിപ്പിക്കുന്നതിലുള്ള പങ്കുമാണ് അവയുടെ ആവശ്യകത ഗണ്യമായി വർധിക്കാനിടയാക്കിയത്. സുഗന്ധവ്യഞ്ജനങ്ങളുടെ വർധിച്ചുവരുന്ന കയറ്റുമതിയിൽ നിന്ന് ഇത് വ്യക്തമായി മനസ്സിലാക്കാം.
- ഇന്ത്യ എന്നത് വാചാലമായ പലതരം സുഗന്ധവ്യഞ്ജനങ്ങളാൽ സമൃദ്ധമാണ്. അതുകൊണ്ടുതന്നെ ഇന്ത്യ ലോക സുഗന്ധവ്യഞ്ജന ഉല്പാദനത്തിൽ ഒരു പ്രധാന പങ്കു വഹിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ സുഗന്ധവ്യഞ്ജന നിർമ്മാതാവും ഉപഭോക്താവും കയറ്റുമതിക്കാരനുമാണ് ഇന്ത്യ. കാരണം ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളും കേന്ദ്രഭരണപ്രദേശങ്ങളും ഒന്നോ അതിലധികമോ സുഗന്ധവ്യഞ്ജനങ്ങൾ വളർത്തുന്നു.

സുഗന്ധദ്രവ്യങ്ങളുടെ ഔഷധഗുണങ്ങളും പ്രതിരോധശേഷി വർധിപ്പിക്കുന്നതിലെ പങ്കും കാരണം പകർച്ചവ്യാധി കാലഘട്ടത്തിൽ സുഗന്ധവ്യഞ്ജനങ്ങളുടെ ആവശ്യം വളരെയധികം വർദ്ധിച്ചു.



- കാലാവസ്ഥയിൽ ഇന്ത്യ വ്യത്യസ്ഥത പുലർത്തുന്നു. കാരണം ഒട്ടനവധി കാലാവസ്ഥ വ്യതിയാനങ്ങളാണ് ഇവിടെയുള്ളത്. ഉഷ്ണമേഖല മുതൽ ഉപ ഉഷ്ണമേഖലാ മിതശീതോഷ്ണ കാലാവസ്ഥ എന്നിവയുണ്ട്. ഇതാണ് ഇന്ത്യയിൽ സുഗന്ധവ്യഞ്ജനങ്ങൾ ഗംഭീരമായി വളരാനിടയാക്കുന്നത്.
- ഇന്ത്യയിലെ സുഗന്ധവ്യഞ്ജനങ്ങൾ പരമ്പരാഗതമായി ചെറിയ ഭൂപ്രദേശങ്ങളിൽ വളരുന്നു. അത് ഇന്ത്യയുടെ സമ്പന്നമായ പാചകസംസ്കാരത്തെ പിന്തുണയ്ക്കുന്നു.
- ദശലക്ഷക്കണക്കിന് ചെറുകിട കർഷകർക്ക് സുഗന്ധനവ്യഞ്ജനങ്ങൾ ഒരു പ്രധാന ഉപജീവനമാർഗ്ഗം നല്കുന്നു. ഇന്ത്യയിലെ സുഗന്ധവ്യഞ്ജന ഉത്പാദനത്തിന്റെ 85 ശതമാനവും ചെറുകിടക്കാരായ നിർമ്മാതാക്കളാണ്. സാധാരണയായി രണ്ട് ഹെക്ടറില് താഴെ കൃഷിഭൂമിയുള്ളവരാണ് ഇവര്.
- 2017–18 വര്ഷത്തിൽ ഇന്ത്യയിലെ സുഗന്ധവ്യഞ്ജനങ്ങൾക്കായുള്ള കൃഷിയിടത്തിന്റെ ആകെ വിസ്തൃതി 39,600,000 ഹെക്ടറാണ്. വിവിധ ആഗോളവിപണികളിലേക്ക് 2.6 ബില്യണ് ഡോളർ സുഗന്ധവ്യഞ്ജനങ്ങളാണ് ഇന്ത്യ വിവിധ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തത്.
- രാജ്യത്തുടനീളം സുഗന്ധവ്യഞ്ജനങ്ങളുടെ ഉത്പാദനം വർധിച്ചുകൊണ്ടിരിക്കുകയാണെങ്കിലും മധ്യപ്രദേശ്, തെലങ്കാന, പശ്ചിമബംഗാൾ ഒഴികയുള്ള പല സംസ്ഥാനങ്ങളിലും സുഗന്ധവ്യഞ്ജനങ്ങളുടെ ഉത്പാദനം കുറഞ്ഞുവരികയാണ്.
- ഗ്രാഫിൽ കാണിച്ച ഒന്നാമത്തെ ചിത്രത്തിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെസുഗന്ധവ്യഞ്ജനങ്ങളുടെ ഉത്പാദനക്ഷമത കാണിക്കുന്നു. കാലാവസ്ഥാ വ്യതിയാനങ്ങൾ ദീർഘമായ വരണ്ട കാലാവസ്ഥ, ഉയർന്ന വെള്ളപ്പൊക്കം, ഹ്രസ്വകാല മഴ, കീടങ്ങളുടെ വർധന, രോഗങ്ങൾ എന്നിവയെല്ലാം ഉത്പാദനക്ഷമത കുറയാന് ഇടയാക്കുന്നു.

ചിത്രം 1 : ഇന്ത്യയിലെ സംസ്ഥാനങ്ങൾ തിരിച്ചുള്ള സുഗന്ധവ്യഞ്ജന ഉത്പാദനം കാണിക്കുന്ന ഗ്രാഫ്



Source: http://www.indianspices.com/ (Spices Board of India)

- അതിനാൽ വിളകളുടെ ഉത്പാദനക്ഷമതയ്ക്കായി സുസ്ഥിരമായ സുഗന്ധവ്യഞ്ജന വിതരണം വികസിപ്പിക്കേണ്ടത് ആവശ്യമാണ്. അതിനായി സുസ്ഥിരമായ കാർഷികരീതികൾ ആവിഷ്ക്കരിക്കാനായി കർഷകരിൽ അവബോധമുണ്ടാക്കേണ്ടതാണ്.
- അതിനാൽ ഇന്ത്യയിൽ എഫ്എസ്എ -ഓർഗാനിക് സർടിഫൈഡ് ആയിട്ടുള്ള കൃഷി വികസിപ്പിക്കേണ്ടത് കൂടുതൽ പ്രാധാന്യമർഹിക്കുന്നു. സുഗന്ധവ്യഞ്ജനങ്ങള് പ്രധാനമായും പാശ്ചാത്യരാജ്യങ്ങളിലേക്ക് കയറ്റുമതിക്കായുള്ളതാണ്. പാരിസ്ഥിതികമായി സെർട്ടിഫൈഡ് ആയിട്ടുള്ള ഉത്പന്നങ്ങൾക് അവിടെ ആവശ്യകത കൂടുതലാണ്. എന്നാൽ ഈ മാർക്കറ്റ് സെഗ്മെന്റ് ഇന്ത്യയിൽത്തന്നെ 25-30 ശതമാനം വാർഷികനിരക്കിൽ വളരുകയാണ്.

ഏലം കൃഷി

ആമുഖം

• ഇന്ത്യയിൽ ഏലം അറിയപ്പെടുന്നത് 'ഏലൈച്ചി' എന്നാണ്.

• ഇന്ത്യയിൽ ഏലം പല പ്രാദേശിക പേരുകളിലും അറിയപ്പെടുന്നുണ്ട്. ഉദാഹരണമായി





- അന്താരാഷ്ട്ര സുഗന്ധവ്യഞ്ജന വിപണിയിൽ സുഗന്ധവ്യഞ്ജനങ്ങളുടെ റാണിയായ ഏലത്തിന് അതുല്യമായ സ്ഥാനമാണുള്ളത്.
- പശ്ചിമഘട്ടത്തിലെ നിത്യഹരിതവനങ്ങളുടെ തെക്കൻ ഭാഗങ്ങളിൽ ഇത് തദ്ദേശീയമാണ്.
- ഇന്ത്യയിൽ കേരളം, കർണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ചെറിയ ഏലം കൃഷിചെയ്തുവരുന്നത്.
- ചെറിയ ഏലത്തിന്റെ ഏറ്റവും വലിയ ഉത്പാദകരാണ് കേരളം. ലോകവിപണിയിലും ഇന്ത്യൻ വിപണിയിലും വലിയൊരു പങ്കാണ് കേരളം സംഭാവന ചെയ്യുന്നത്.
- സുഗന്ധവ്യഞ്ജനങ്ങളുടെ രാജ്ഞി എന്നാണ് പൊതുവെ ഏലം അറിയപ്പെടുന്നത്. ഔഷധ ആവശ്യങ്ങൾക്കും ഈ സുഗന്ധവ്യഞ്ജനം ഉപയോഗിക്കാറുണ്ട്.



ചിത്രം 1: 4 ഏലത്തിന്റെ ഉത്പാദകരാണ് കേരളമെന്ന് ചിത്രം പ്രതിനിധീകരിക്കുന്നു.

ചിത്രം :2 ഏലത്തിന്റെ ഉത്പാദനക്ഷമത കുറയുന്നത് കാണിക്കുന്ന ഗ്രാഫ്



Source: Spices boards statistics

മുകളിലത്തെ ഗ്രാഫ് ഏലത്തിന്റെ ഉത്പാദനക്ഷമത കുറയുന്നത് കാണിക്കുന്നു.

ഏലത്തിന്റെ വിള ഉത്പാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള വെല്ലുവിളികൾ

- കാലാനുസൃതമല്ലാത്തതും ക്രമരഹിതവുമായ മഴ
- വിളയുടെ ഫിസിയോളജിയെ ബാധിക്കുന്ന വർധിച്ച താപനില
- കുറഞ്ഞ കാലത്തിനുള്ളിൽ കനത്ത മഴ മൂലം മണ്ണൊലിപ്പ് വർധിച്ചു
- ശരിയായ ഭൂപരിപാലന രീതികളുടെ അഭാവം
- ധാതുവളങ്ങളുടെയും സസ്യസംരക്ഷണത്തിനുള്ള രാസവസ്തുക്കളുടെയും അമിതോപയോഗം കാരണം മണ്ണിന്റെ ഫലഭൂയിഷ്ഠത കുറഞ്ഞത്.
- കീടനാശിനികൾക്കുള്ള കീട പ്രതിരോധം വർധിപ്പിച്ചത്.
- കളനാശിനികളുടെ വർധിച്ച ഉപയോഗം മണ്ണിലെ ഗുണകരമായ സൂക്ഷ്മാണുക്കളെ കുറയ്ക്കുകയും അതുവഴി മണ്ണിന്റെ ജൈവവൈവിധ്യം കുറയുകയും ചെയ്തു.

അങ്ങനെ, ഈ വെല്ലുവിളികൾക്കുള്ള പരിഹാരം സുസ്ഥിരവും ജൈവികവുമായ കാർഷികരീതികളാണ്, ഇതുവഴി വിളകളുടെ ഉത്പാദനക്ഷമതയും സുഗന്ധവ്യഞ്ജനങ്ങളുടെ ഗുണനിലവാരവും മെച്ചപ്പെടുത്താൻ സഹായിക്കും.

3 സുസ്ഥിര ഏലം കൃഷി സമ്പ്രദായം



സുസ്ഥിര ഏലം കൃഷി സമ്പ്രദായം

Zingiberaceae കുടുംബത്തിലെ ഔഷധസസ്യങ്ങൾക്കാണ് ഏലം എന്ന പേര് ഉപയോഗിക്കുന്നത്.

ചിത്രം 2:2 ചിത്രം പച്ചയും കറുപ്പും ഏലത്തെ പ്രതിനിധീകരിക്കുന്നു





അതേസമയം,

എലറ്റേറിയ: എലറ്റേറിയയെ സാധാരണയായി പച്ച ഏലം എന്ന് വിളിക്കുന്നു. ഇലറ്റേറിയ കായ്കൾക്ക് ഇളം പച്ച നിറമുണ്ട്.

അമോമം: കറുത്ത ഏലം അല്ലെങ്കിൽ തവിട്ട്/ജാവ ഏലം എന്നാണ് അമോമം സാധാരണയായി അറിയപ്പെടുന്നത്. അമോമം കായ്കൾക്ക് വലുതും കടും തവിട്ട് നിറവുമാണ്.

- ചെറിയ ഏലയ്ക്ക ഒരു ചെറിയ വിത്തുപാളിയുടെ രൂപമെടുക്കുന്നു, ത്രികോണാകൃതിയിലുള്ള ക്രോസ്-സെക്ഷനും സ്പിൻഡിൽ ആകൃതിയും, നേർത്ത കടലാസുകൊണ്ടുള്ള പുറംതോട്, ചെറിയ കറുത്ത വിത്തുകൾ എന്നിവയുണ്ട്.
- ഏലച്ചെടിയുടെ ഇലകൾ കടും പച്ചയും, ആയതാകാരം മുതൽ കുന്താകാരം വരെയോ അണ്ഡാകാരത്തിലോ ആണ്, ചരങ്ങൾ അർദ്ധ-കുത്തനെയുള്ളതാണ് (പെൻഡന്റ്) കാളകൾ ബോൾഡ്, ഗോളാകൃതി അല്ലെങ്കിൽ അണ്ഡാകാര ആകൃതിയാണ്.
- കേരളത്തിലും തമിഴ്നാട്ടിലും സമുദ്രനിരപ്പിൽ നിന്ന് 900 1200 മീറ്റർ ഉയരത്തിൽ ഇത് വ്യാപകമായി കൃഷി ചെയ്യുന്നു.



കൃഷിയുടെ തരങ്ങൾ

പ്രകൃതിയോടുള്ള ഇണക്കം, ചാരത്തിന്റെ സ്വഭാവം, കായ്കളുടെ ആകൃതി, വലിപ്പം എന്നിവയെ അടിസ്ഥാനമാക്കി മലബാർ, മൈസൂർ, വഴക്ക എന്നിങ്ങനെ ഇനങ്ങളെ തരം തിരിച്ചിരിക്കുന്നു.

ചിത്രം 2:4 ചിത്രം മലബാറിനെ പ്രതിനിധീകരിക്കുന്നു



മലബാർ (നാടൻ/സ്വദേശം)

- കേരളത്തിന്റെ നാടൻ ഇനം
- ചരങ്ങൾ നിലത്തുകൂടെ തിരശ്ചീനമായി വളരുന്നു
- പാകമാകുമ്പോൾ ചെടികൾക്ക് ഇടത്തരം ഉയരമുണ്ട് (2മി –3മി)

ചിത്രം 2:5 ചിത്രം മൈസൂരിനെ പ്രതിനിധീകരിക്കുന്നു



മൈസൂർ

- കർണാടകയുടെ നാടൻ ഇനം
- ചരങ്ങൾ ലംബമായി മുകളിലേക്ക് വളരുന്നു
- ചെടികൾ കരുത്തുറ്റതും മൂപ്പെത്തുന്നതോടെ 3മി –4മി ഉയരത്തിൽ എത്തുന്നു

ചിത്രം 2:6 ചിത്രം വഴക്കയെ പ്രതിനിധീകരിക്കുന്നു



വഴക്ക

- മലബാറിനും മൈസൂരിനും ഇടയിൽ സ്വാഭാവികമായി ഉണ്ടാകുന്ന സങ്കരയിനം
- അർദ്ധ നിവർന്നുനിൽക്കുന്ന ചരങ്ങൾ.
- കേരളത്തിലെ ഏറ്റവും പ്രചാരമുള്ള ഇനം
- ഉയർന്ന വിളവ് നൽകുന്ന ചെടികൾ വലിയ തോതിൽ പെരുകുന്നു.

ഈ ഇനങ്ങളെല്ലാം വ്യത്യസ്ത ഭൂപ്രദേശങ്ങളിൽ വളർത്തുന്നു, അവ പ്രധാനമായും ചരങ്ങളുടെ സ്വഭാവം, സസ്യങ്ങളുടെ വലുപ്പം, മറ്റ് രൂപഘടന എന്നിവയെ അടിസ്ഥാനമാക്കിയാണ്.

ഏലക്കയുടെ ഇനങ്ങൾ

- ഏലയ്ക്കാ ഇനങ്ങൾ വളരെയധികം ലൊക്കേഷൻ പ്രത്യേകതക്കനുസരിച്ചാണ്.
- അത്യുൽപാദനശേഷിയുള്ള ഏറ്റവും പ്രചാരമുള്ള ഇനം ഞള്ളാനിയാണ്.
- അത്യധികം വിളവ് നൽകുന്ന ഒരു തനതായ ഏലം ഇനമാണിത്.
- ഈ ഇനം പരമ്പരാഗത 200 കി.ഗ്രാം / ഹെക്ടറിനെ അപേക്ഷിച്ച് 1500 കി.ഗ്രാം / ഹെക്ടറിന് വിളവ് നൽകുന്നു.
- വർധിച്ച വിളവ് കേരള സംസ്ഥാനത്ത് ഏലം കൃഷിയിൽ വിപ്ലവം സൃഷ്ടിച്ചു.
- പുറത്തിറക്കിയ ഉയർന്ന വിളവ് നൽകുന്ന ഇനങ്ങളിൽ ICRI 1,2,3 ഉൾപ്പെടുന്നു: TDK 4 & 11; PV 1, PV2, CCS 1 മുദുഗിരി 1, NCC 200; MCC 12, 16 & 40.

ഏലം കൃഷി ചെയ്യുന്നതിനുള്ള ഘടകങ്ങൾ

കാലാവസ്ഥ:

കാലാവസ്ഥയും കാലാവസ്ഥാ വ്യതിയാനങ്ങളും ഏലം കാർഷിക ആവാസവ്യവസ്ഥയിലൂടനീളമുള്ള കീടങ്ങളുടെയും രോഗകാരണ ജീവികളുടെയും വികാസത്തെയും വിതരണത്തെയും സാരമായി സ്വാധീനിക്കും.

' ഏറ്റവും അനുകൂലമായ അവസ്ഥയ്ക്ക് ഇനിപ്പറയുന്നവ ആവശ്യമാണ്:

- ഏലം വളർച്ചയ്ക്ക് ഈർപ്പവും തണലും ഉള്ള അന്തരീക്ഷം ആവശ്യമാണ്.
- വാർഷിക മഴ: 1,500മി മി –2,500മിമി,
- ഉയരം: ശരാശരി സമുദ്രനിരപ്പിൽ നിന്ന് 600m മുതൽ 1200മി വരെ
- താപനില: 15°C–35°C വരെ
- ആപേക്ഷിക ആർദ്രത: 75%–90%
- മഴയുടെ വിതരണം നല്ലതായിരിക്കണം, ഫെബ്രുവരി–ഏപ്രിൽ മാസങ്ങളിൽ വേനൽമഴ ചരങ്ങൾ ആരംഭിക്കുന്നതിന് അത്യന്താപേക്ഷിതമാണ്.
- മഴയുടെ അളവ് കുറയുന്നത്, പ്രത്യേകിച്ച് മൺസൂൺ മാസങ്ങളിൽ വരൾച്ചയോടും അധിക മഴയോടും സംവേദനക്ഷമതയുള്ളതിനാൽ ഉത്പാദനക്ഷമതയെ ബാധിക്കും.
- ഏലം 50%–60% തണൽ അവസ്ഥയിൽ നന്നായി വളരുന്നു.

മണ്ണിന്റെ അവസ്ഥ



- ഏലം സാധാരണയായി ജൈവവസ്തുക്കളാൽ സമ്പന്നമായ മണ്ണിൽ നന്നായി വളരും. ഏലത്തിന് അനുയോജ്യമായ മണ്ണ് അവസ്ഥ താഴെ പറയുന്നവയാണ്:
  - അനുയോജ്യമായ മണ്ണ്: വനം കലർന്ന പശിമരാശി മണ്ണ്
  - മണ്ണിന്റെ pH: 4.2 മുതൽ 6.8 വരെ, പൊതുവെ അമ്ല സ്വഭാവം
- മണ്ണിന്റെ പോഷക നില: ഉയർന്ന ജൈവവസ്തുക്കളും നൈട്രജനും; ലഭ്യമായ ഫോസ്ഫറസിൽ കുറവ് മുതൽ ഇടത്തരം വരെ; ഇടത്തരം മുതൽ ഉയർന്ന വരെ ലഭ്യമായ പൊട്ടാസ്യം.

ക്രോപ്പ് മാനേജ്മെന്റ്

- മുതിർന്ന ഏലച്ചെടിക്ക് 2 മീറ്റർ മുതൽ 4 മീറ്റർ വരെ ഉയരമുണ്ടാകും.
- ചിനപ്പ് ഉത്പാദനം വർഷം മുഴുവനും നടക്കുന്നു. എന്നിരുന്നാലും, ജനുവരി മുതൽ മാർച്ച് വരെയാണ് ഉയർന്ന കാലയളവ്.
- ചരത്തിൽ പൂക്കൾ വിരിയുന്നു, അവ ഏരിയൽ ഷൂട്ടിന്റെ വീർത്ത അടിയിൽ നിന്ന് നേരിട്ട് പുറത്തുവരും.
- പഴങ്ങൾ പാകമാകാൻ ഏകദേശം 90–120 ദിവസം ആവശ്യമാണ്



സാംസ്കാരിക രീതികൾ

നടീൽ വസ്തുക്കൾ



- ചെറിയ ഏലക്കായുടെ പ്രജനനം വിത്തുകളിലൂടെയും, ചിമ്പിലൂടെയും നടത്തുന്നു.
- ചിമ്പുകൾ മുഖേനയുള്ള പ്രചരണമാണ് ഏറ്റവും ഇഷ്ടപ്പെട്ട രീതിയായി കണക്കാക്കുന്നത്.
- ഉയർന്ന വിളവ് നൽകുന്നതും രോഗബാധയില്ലാത്തതുമായ ചെടികളിൽ നിന്നാണ് ഇവ ശേഖരിക്കുന്നതെങ്കിൽ ചിമ്പുകൾ വഴി നടുന്നത് ഉയർന്ന ഉൽപ്പാദനക്ഷമത ഉറപ്പാക്കുന്നു.
- വിത്തുകൾ വഴിയുള്ള പ്രചരണം ധാരാളം തൈകൾ ഉൽപ്പാദിപ്പിക്കുന്നതിന് സഹായിക്കുന്നു.
- വൈറസ് രോഗങ്ങൾ വിത്തുകളിലൂടെ പകരില്ല, അതിനാൽ, നഴ്സറിയെ പുതിയ അണുബാധയിൽ നിന്ന് വേർതിരിച്ച് സംരക്ഷിക്കാൻ മതിയായ ശ്രദ്ധ ചെലുത്തിയാൽ, തൈകൾ വൈറസ് രോഗങ്ങളിൽ നിന്ന് മുക്തമാകും.
- വിത്തുകളിൽ നിന്ന് വളർത്തുന്ന ചെടികൾ ക്രോസ് പരാഗണത്തെത്തുടർന്ന് വളരെ ഉൽപ്പാദനക്ഷമതയുള്ള ചെടികളിൽ നിന്ന് ശേഖരിച്ചാലും ഉയർന്ന വിളവ് നൽകണമെന്നില്ല.

ക്ലോണൽ നഴ്സറി

ഉയർന്ന വിളവ് തരുന്ന ഇനങ്ങൾ/തിരഞ്ഞെടുപ്പുകൾ വൻതോതിൽ വർദ്ധിപ്പിക്കുന്നതിന് ക്ലോണൽ നഴ്സറി സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

- **സൈറ്റ് തിരഞ്ഞെടുക്കൽ**
  - വറ്റാത്ത ജലസ്രോതസ്സിനോട് ചേർന്നുള്ള തുറന്ന, നല്ല നീർവാർച്ചയുള്ള പ്രദേശങ്ങൾ.
- **നടീൽ വസ്തുക്കൾ**
  - റൈസോമിന്റെ ഒരു ഭാഗവും വികസിക്കുന്ന ചിനപ്പുപൊട്ടലും ഉള്ള വളർന്നുവന്ന ചിമ്പു.
- **സമയം**
  - മാർച്ച് മുതൽ സെപ്റ്റംബർ വരെയുള്ള ആദ്യവാരം
- **കിടങ്ങുകൾ**
  - 45 സെന്റീമീറ്റർ വീതിയും ആഴവും സൗകര്യപ്രദമായ നീളവും.
  - ചാലുകളിൽ ഭാഗിമായി സമ്പുഷ്ടമായ മണ്ണും മണലും നന്നായി ദ്രവിച്ച കമ്പോസ്റ്റും നിറയ്ക്കണം.

- **പ്ലാന്റ് സ്പേസിംഗ്**
    - 1.8 മീറ്റർ x 0.6 മീറ്റർ കിടങ്ങുകളിൽ.
- **തണൽ പരിപാലനം**
    - നടീൽ യൂണിറ്റുകളെ നേരിട്ട് സൂര്യപ്രകാശത്തിൽ നിന്നും ഉണങ്ങുന്നതിൽ നിന്നും സംരക്ഷിക്കുന്നതിന്, മുകളിൽ തണൽ/പന്തൽ നൽകേണ്ടതുണ്ട്.
- **ജലസേചനം**
    - രണ്ടാഴ്ചയിലൊരിക്കൽ.
- **പോഷക മാനേജ്മെന്റ്**
    - രണ്ടു മാസത്തിനു ശേഷം 2–3 ചിന്പു വന്നതിനു ശേഷം 48:48:96 ഗ്രാം എന്ന തോതിൽ എൻപികെ ഇട്ടുകൊടുക്കണം
    - വളങ്ങൾക്കൊപ്പം 100–150 ഗ്രാം വേപ്പിൻ പിണ്ണാക്ക് ഒരു ചെടിക്കും നൽകാം.

നഴ്സറി റൈസിംഗ്

- സെപ്റ്റംബർ–ഒക്ടോബർ മാസങ്ങളിൽ ഉയർന്ന വിളവ് നൽകുന്ന ചെടികളിൽ നിന്ന് ആവശ്യമുള്ള ഇനത്തിന്റെ പഴുത്ത വിത്തുകൾ ശേഖരിക്കുന്നു.
- വിത്ത് ഏറ്റവും കൂടുതൽ മുളയ്ക്കുന്നതിനു സെപ്റ്റംബറിൽ വിതയ്ക്കുന്നതാണ് നല്ലത്. തെക്കുപടിഞ്ഞാറൻ കാലവർഷത്തിലും ശൈത്യകാലത്തും വിതയ്ക്കുന്നത് ഒഴിവാക്കണം.





വിത്തുകൾ സംഭരിക്കേണ്ടത് ആവശ്യമായി വരുമ്പോൾ, അവയെ കാൾ രൂപത്തിൽ സൂക്ഷിക്കുന്നതാണ് ഉചിതം. ഈ രൂപത്തിൽ ഒരു മാസത്തേക്ക്, പ്രവർത്തനക്ഷമത കുറയാതെ സൂക്ഷിക്കാം. പോളിത്തീൻ കൊണ്ടുള്ള ചണ ചാക്കിലോ ഹെർമെറ്റിക് ബാഗുകളോ ഇതിനായി ഉപയോഗിക്കാം.

കേരളത്തിലും തമിഴ്നാട്ടിലും 18 മാസം പ്രായമായ തൈകളാണ് നടുന്നതിന് ഉപയോഗിക്കുന്നത്. പ്രൈമറി നഴ്സറിയിലാണ് വിത്ത് പാകുന്നത്, അവിടെ നിന്ന് ചെറിയ തൈകൾ ദ്വിതീയ നഴ്സറിയിലേക്ക് പറിച്ച് നടുകയും ഒരു വർഷം പരിപാലിക്കുകയും ചെയ്യുന്നു.

പ്രൈമറി നഴ്സറി

• നിലമൊരുക്കൽ

- ഓഫീസ്, നല്ല നീർവാർച്ചയുള്ള സ്ഥലങ്ങളിൽ, ജലസ്രോതസ്സിനു സമീപം നഴ്സറി സൈറ്റ് തിരഞ്ഞെടുത്തിരിക്കുന്നു.
- നിലവിലുള്ള സസ്യജാലങ്ങൾ, കുറ്റിക്കാടുകൾ, കല്ലുകൾ എന്നിവ നീക്കം ചെയ്ത് 30 സെന്റീമീറ്റർ ആഴത്തിൽ കുഴിച്ച് സ്ഥലം തയ്യാറാക്കുക.
- തയ്യാറാക്കിയ സ്ഥലത്ത്, 6 മീറ്റർ × 1 മീറ്റർ × 0.2 മീറ്റർ വലിപ്പമുള്ള കിടക്കകൾ ഉണ്ടാക്കി, ഭാഗിമായി സമ്പുഷ്ടമായ വനമണ്ണിന്റെ നേർത്ത പാളി കിടക്കകളിൽ ഒരേപോലെ പരത്തുന്നു.



• **നടീൽ വസ്തുക്കൾ**

o സെപ്റ്റംബർ മാസത്തിലെ രണ്ടാമത്തെയും മൂന്നാമത്തെയും വിളവെടുപ്പിൽ നിന്ന് ഉയർന്ന വിളവ് നൽകുന്നതും രോഗമില്ലാത്തതുമായ അമ്മക്കുട്ടങ്ങളിൽ നിന്ന് പൂർണ്ണമായും പാകമായ ആരോഗ്യമുള്ള കായ്കൾ ശേഖരിക്കുന്നു.

o 3000–5000 തൈകൾ ഉത്പാദിപ്പിക്കാൻ ഏകദേശം 500–800 പഴങ്ങൾ അടങ്ങിയ ഒരു കി.ഗ്രാം പുതിയ കാപ്സ്യൂളുകൾ മതിയാകും.

• **വിത്ത് ചികിത്സ**

o കാപ്സ്യൂളുകൾ മൃദുവായി അമർത്തി വിത്തുകൾ വേർതിരിച്ചെടുക്കുന്നു, തുടർന്ന് വിത്തുകളിൽ പറ്റിനിൽക്കുന്ന ചവറുകൾ നീക്കം ചെയ്യുന്നതിനായി തണുത്ത വെള്ളത്തിൽ 3–4 തവണ കഴുകുക.

o പിന്നീട് കഴുകിയ വിത്തുകൾ വറ്റിച്ചു, മരം ചാരം കലർത്തി തണലിൽ ഉണക്കുക.

o നേരത്തെയുള്ളതും ഏകീകൃതവുമായ മുളപ്പിക്കൽ ഉറപ്പാക്കാൻ, വേർതിരിച്ചെടുത്ത ഉടൻ തന്നെ വിത്ത് വിതയ്ക്കണം, സംഭരണ സമയത്ത് വിത്തിന്റെ പ്രവർത്തനക്ഷമത നഷ്ടപ്പെടുന്നതിനാൽ 15 ദിവസത്തിനുള്ളിൽ ചെയ്യുന്നതാണ് നല്ലത്.

o 25% നൈട്രിക് ആസിഡ് അടങ്ങിയ ആസിഡ് മുക്കിവയ്ക്കൽ മുളയ്ക്കുന്നതിന്റെ ശതമാനം വർദ്ധിപ്പിക്കുന്നു. ഇതിനായി വേർതിരിച്ചെടുത്ത വിത്തുകൾ നൈലോൺ വലയിൽ പൊതിഞ്ഞ് കെട്ടഴിച്ച് 25% നൈട്രിക് ആസിഡിൽ 10 മിനിറ്റ് മുക്കിവയ്ക്കുക. ചികിത്സയ്ക്ക് ശേഷം, ആസിഡിന്റെ അംശങ്ങൾ നീക്കം ചെയ്യുന്നതിനായി വിത്തുകൾ നീക്കം ചെയ്യുകയും തണുത്ത വെള്ളത്തിൽ ആവർത്തിച്ച് കഴുകുകയും ചെയ്യുന്നു.

• **വിതയ്ക്കുന്ന സമയം**

o കർണാടകയിൽ സെപ്റ്റംബർ, കേരളത്തിലും തമിഴ് നവംബർ–ജനുവരി. നാട്ടിലും സെപ്റ്റംബറിൽ വിതയ്ക്കുന്നതാണ് ഉയർന്ന മുളയ്ക്കാൻ നല്ലത്.

o തെക്കുപടിഞ്ഞാറൻ കാലവർഷത്തിലും ശൈത്യകാലത്തും വിതയ്ക്കുന്നത് ഒഴിവാക്കണം.

• **സ്പേസിംഗ്**

o വരി അകലത്തിൽ 10 സെന്റീമീറ്റർ, ചെടികളുടെ അകലം 1–2 സെന്റീമീറ്റർ.

• **വിത്ത് നിരക്ക്**

o 6 മീറ്റർ x 1 മീറ്റർ വലിപ്പമുള്ള കിടക്കയ്ക്ക് 30–50 ഗ്രാം.

• **പുതയിടൽ**

o വിതച്ചതിനുശേഷം, തടങ്ങൾ ഒരു നേർത്ത മണൽ പാളി കൊണ്ട് പൊതിഞ്ഞ്, പുല്ല് അല്ലെങ്കിൽ നെല്ല് വൈക്കോൽ കൊണ്ട് 2 സെന്റീമീറ്റർ കനത്തിൽ മരത്തിന്റെ ചില്ലകൾ ഇടുന്നു.

കാപ്സ്യൂളുകൾ മൃദുവായി അമർത്തി വിത്തുകൾ വേർതിരിച്ചെടുക്കുന്നു, തുടർന്ന് വിത്തുകളിൽ പറ്റിനിൽക്കുന്ന ചവറുകൾ നീക്കം ചെയ്യുന്നതിനായി തണുത്ത വെള്ളത്തിൽ 3–4 തവണ കഴുകുക.

• **ജലസേചനം**

- ആവശ്യത്തിന് ഈർപ്പം നിലനിർത്താനും മുളയ്ക്കുന്നത് പ്രോത്സാഹിപ്പിക്കാനും ബെഡുകൾ പതിവായി നനയ്ക്കുക.
- മുളച്ച് ഏകദേശം 20–25 ദിവസത്തിനുള്ളിൽ ആരംഭിക്കുകയും ഒന്നോ രണ്ടോ മാസത്തേക്ക് തുടരുകയും ചെയ്യാം.
- മുളച്ച് കഴിഞ്ഞാൽ, നിലവിലുള്ള ചവറുകൾ നീക്കം ചെയ്യുകയും വരികൾക്കിടയിൽ നേർത്ത ചവറുകൾ നിലനിർത്തുകയും ചെയ്യുക.

• **തണൽ ക്രിമിഹരണം**

o ഓവർഹെഡ് തണൽ നൽകി തൈകൾ സംരക്ഷിക്കുക.

• **പറിച്ചുനടൽ**

o 3–4 ഇല ഘട്ടത്തിൽ തൈകൾ പറിച്ച നടുക.

• **പറിച്ചുനടൽ**

o 3–4 ഇലകൾ വരുന്ന ഘട്ടത്തിൽ തൈകൾ പറിച്ച നടുക.

സെക്കൻഡറി നഴ്സറി.

സൈറ്റ് ശരിയായി തയ്യാറാക്കിയ ശേഷം, നന്നായി ദ്രവിച്ച കാലിവളവും മരത്തിന്റെ ചാരവും മണ്ണിന്റെ മുകളിലെ പാളിയുമായി കലർത്തുന്നത് തൈകൾ നന്നായി നിലയുറപ്പിക്കാനും ശക്തമായി വളരാനും സഹായിക്കും.
ഇവ ഇനിപ്പറയുന്ന രണ്ട് തരത്തിലാകാം:

• **ബെഡ് നഴ്സറി**

o പ്രാഥമിക നഴ്സറിയിൽ വിവരിച്ചിരിക്കുന്നതുപോലെ ബെഡുകൾ തയ്യാറാക്കപ്പെടുന്നു.
o കിടക്കയിൽ കമ്പോസ്റ്റിന്റെ ഒരു പാളി വിതറി മണ്ണുമായി നന്നായി ഇളക്കുക.
o 3–4 ഇലകളുള്ള തൈകൾ 20 മുതൽ 25 സെന്റീമീറ്റർ അകലത്തിൽ പറിച്ചുനടുന്നു.
o പറിച്ചുനട്ട ഉടനെ പുതയിടലും നനയും ചെയ്യണം.
o കേരളത്തിലും തമിഴ്നാട്ടിലും ജൂൺ–ജൂലൈ മാസങ്ങളിൽ പറിച്ചുനടൽ നടത്തുമ്പോൾ, കർണാടകത്തിൽ നവംബർ–ജനുവരി മാസങ്ങളിലാണ് ഇത് നടക്കുന്നത്.
o 6 മീറ്റർ × 1 മീറ്റർ വലിപ്പമുള്ള ഒരു ബെഡിനു 90:60:120 ഗ്രാം N,P,K, 45 ദിവസത്തെ ഇടവേളയിൽ മൂന്ന് തുല്യ വിഭജനങ്ങളിൽ പ്രയോഗിക്കുക. പറിച്ചുനട്ട് 30 ദിവസത്തിന് ശേഷം വളത്തിന്റെ ആദ്യ ഡോസ് നൽകാം.
o ഓരോ വളപ്രയോഗത്തിനു ശേഷവും മണ്ണ് വെട്ടി ഇട്ടു ഇട്ടു കൊടുക്കുകയും 20–25 ദിവസത്തിലൊരിക്കൽ കളകൾ നീക്കം ചെയ്യുകയും വേണം.
o വേരോടെ പിഴുതെറിയുന്നതിന് ഒരു മാസം മുമ്പ്, തണൽ നീക്കം ചെയ്യണം, ഇത് നന്നായി കൃഷി ചെയ്യാൻ പ്രോത്സാഹിപ്പിക്കും.
o നട്ട് 8–10 മാസം കഴിയുമ്പോൾ തൈകൾ പറിച്ചുനടാൻ പാകമാകും.

- **പോളിബാഗ് നഴ്സറി**
  - 20 സെന്റീമീറ്റർ × 20 സെന്റീമീറ്റർ വലിപ്പവും 100 ഗേജ് കനവുമുള്ള പോളിത്തീൻ ബാഗുകളിൽ കാടിന്റെ മേൽമണ്ണും ചാണകവും മണലും (അനുപാതം 3:1:1) അടങ്ങിയ പോട്ടിംഗ് മിശ്രിതം നിറയ്ക്കുന്നു.
  - നല്ല ഡ്രെയിനേജ് ഉറപ്പാക്കാൻ പോളിബാഗുകളുടെ അടിയിൽ മതിയായ ദ്വാരങ്ങൾ നൽകുക.
  - 3–4 ഇല ഘട്ടങ്ങളിലുള്ള ബാഗിലേക്കും (ഒരു തൈകൾ ഓരോ/ബാഗ്) പറിച്ചുനടുന്നു.
  - പോളിബാഗുകളിൽ വളർത്തുന്ന തൈകൾക്ക് ഏകീകൃത വളർച്ചയുണ്ട്, നഴ്സറി കാലയളവ് 5–6 മാസം കുറയ്ക്കാം.



നടീൽ

- കർണാടകയിൽ, 10 മാസം പ്രായമുള്ള തൈകൾ പ്രധാന വയലിൽ നടുന്നതിന് മുൻഗണന നൽകുന്നു, കേരളത്തിലും തമിഴ്നാട്ടിലും 18 മാസം പ്രായമുള്ള തൈകളാണ് സാധാരണയായി ഉപയോഗിക്കുന്നത്.

ഭൂമി തയ്യാറാക്കൽ

- നടീലിനായി തിരഞ്ഞെടുത്ത നിലം വളർച്ചയ്ക്ക് താഴെയുള്ളവ, കളകൾ മുതലായവ നീക്കം ചെയ്യുന്നു. പഴയ ഏലച്ചെടികൾ ഉണ്ടെങ്കിൽ അവയും നീക്കം ചെയ്യാം.
- മണ്ണൊലിപ്പ് തടയുന്നതിനും മണ്ണിന്റെ ഈർപ്പം സംരക്ഷിക്കുന്നതിനുമുള്ള ലക്ഷ്യത്തോടെ ഫീൽഡ് പ്രവർത്തനങ്ങൾ നടത്തണം.
- ചെരിഞ്ഞ പ്രദേശങ്ങളിൽ, മണ്ണൊലിപ്പിൽ നിന്ന് മണ്ണിനെ സംരക്ഷിക്കണം.
- മഴക്കാലം ആരംഭിക്കുന്നതിന് മുമ്പ് ഇത് തയ്യാറാക്കണം.

കുഴിയുടെ വിശദാംശങ്ങൾ

- നടീലിനായി, മഴക്കാലം (ഏപ്രിൽ–മെയ്) ആരംഭിക്കുന്നതിന് മുമ്പ് ആവശ്യമായ വലുപ്പത്തിലുള്ള കുഴികൾ തയ്യാറാക്കുന്നു.
- കുഴികൾ രണ്ടാഴ്ചത്തേക്ക് തുറന്നിട്ട ശേഷം കുഴിയുടെ 1/3 ഭാഗം മുകളിലത്തെ മണ്ണും 1:3 അളവിൽ ജൈവവളവും മേൽമണ്ണും കൊണ്ടുള്ള മിശ്രിതവും നിറയ്ക്കണം.

- **കുഴിയുടെ അളവുകൾ**
  - മലബാർ തരങ്ങൾ: 45 സെ.മീ x 45 സെ.മീ x 45 സെ.മീ
  - മൈസൂർ 90 സെ.മീ × 90 സെ.മീ x 45 സെ.മീ
  - വഴക്ക് തരങ്ങൾ, 90 സെ.മീ. x 90 x 90
- കുഴികളിൽ മൂന്നിലൊന്ന് ഭാഗം മേൽമണ്ണ് നിറയ്ക്കുന്നു.
- കാറ്റ് മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ ഒഴിവാക്കാൻ താങ്ങുകൾ നൽകുകയും ചെടിയുടെ അടിഭാഗം അനുയോജ്യമായ പുതയിടൽ വസ്തുക്കൾ കൊണ്ട് മൂടുകയും വേണം.
- ചരിവുകളിൽ ഡയഗണലായി നടുന്നത് മണ്ണൊലിപ്പ് തടയാൻ സഹായിക്കുന്നു.
- പിറ്റ് സംവിധാനത്തേക്കാൾ 2 മീറ്റർ × 1 മീറ്റർ അകലമുള്ള നടീൽ (60 സെന്റീമീറ്റർ × 30 സെന്റീമീറ്റർ) ടെഞ്ച് സമ്പ്രദായമാണ് പൊതുവെ അഭികാമ്യം, ഇത് ചെടികളുടെ മികച്ച ഉറപ്പിനും, ഉയർന്ന വിളവ്, കൂടുതൽ ഈർപ്പം നിലനിർത്തൽ എന്നിവയ്ക്ക് കാരണമാകുന്നു.

> ആഴത്തിൽ ഉള്ള നടീല് ഒഴിവാക്കണം, അത് പുതിയ മുകുളം വരുന്നത് തടയുകയും, ചെടിയുടെ നാശത്തിനു കാരണമായേക്കാവുന്നതുമാണ്

- ചെരിഞ്ഞ സ്ഥലങ്ങളിൽ, കോണ്ടൂർ ടെറസുകൾ തയ്യാറാക്കുകയും 2 മീറ്റർ x 1 മീറ്റർ അകലത്തിൽ കോണ്ടറുകളിൽ കുഴികൾ എടുക്കുകയും വേണം.
- ചരിവിന്റെ അടിസ്ഥാനത്തിൽ, കോണ്ടറുകൾക്കിടയിൽ 2–3 മീറ്ററിൽ ടെറസുകൾ നിർമ്മിക്കുന്നു.

തൈ അകലം

- മൈസൂർ, വഴക്ക എന്നീ ഇനങ്ങളിൽ, ചെടികൾ തമ്മിലുള്ള ദൂരം 3x3 മീറ്റർ, അതായത് ഹെക്ടറിന് 1111 ചെടികൾ. 2.4x2.4 മീറ്റർ അകലം, അതായത് ഒരു ഹെക്ടറിന് 1736 ചെടികൾ വീതം തമിഴ്നാടിന് ശുപാർശ ചെയ്യുന്നു.
- 1.8x1.8 മീറ്റർ അകലം അതായത് ഒരു ഹെക്ടറിൽ 3086 ചെടികൾ കർണാടകയിലെ മലബാറിന് അനുയോജ്യമാണ്. നടീലിനു തൊട്ടുപിന്നാലെ, മണ്ണൊലിപ്പ് തടയുന്നതിനും ഈർപ്പം സംരക്ഷിക്കുന്നതിനും ലഭ്യമായ ഉണങ്ങിയ ഇലകൾ ഉപയോഗിച്ച് ചെടിയുടെ ചുവട്ടിൽ നന്നായി പുതയിടണം. ഒഴുക്ക് കുറയ്ക്കാൻ ചരിവിലേക്ക് ഡയഗണലായി നടണം.



വള പ്രയോഗം

- ഏലം വളപ്രയോഗത്തോട് നന്നായി പ്രതികരിക്കുന്നു.
- സുസ്ഥിരമായ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ ഉന്നതമായ ഉൽപ്പാദനം നേടുന്നതിന് മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള ന്യായമായ വളം പ്രയോഗങ്ങൾ പാലിക്കണം.
- നന്നായി അഴുകിയ വളം/കമ്പോസ്റ്റ് 5–10 കി.ഗ്രാം ഒന്നിന് മെയ്/ജൂൺ മാസങ്ങളിൽ റോക്ക് ഫോസ്ഫേറ്റ് (ഒരു ചെടിക്ക് 180 ഗ്രാം), മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (90 ഗ്രാം, ചെടി) എന്നിവയോടൊപ്പം ചേർക്കുക.
- വേപ്പിൻ പിണ്ണാക്ക് (ഒരു ചെടിക്ക് ഒരു കിലോ), എല്ലുപൊടി (ഒരു ചെടിക്ക് ഒരു കിലോ അല്ലെങ്കിൽ മണ്ണിര കമ്പോസ്റ്റ് (ഒരു ചെടിക്ക് ഒരു കിലോ) തുടങ്ങിയ ജൈവ വളങ്ങൾ വേരുകളുടെ വ്യാപനത്തിലും ചെടിയുടെ വളർച്ചയിലും ഗുണം ചെയ്യും, കൂടാതെ നിമാവിരകളുടെയും വേരുപച്ചയുടെ ആക്രമണവും കുറയ്ക്കാൻ സഹായിക്കുന്നു.
- മണ്ണിന്റെ pH 5.5 കുറഞ്ഞാൽ കുമ്മായം/ഡോളമൈറ്റ് പ്രയോഗിക്കുക. കുമ്മായം പ്രയോഗിച്ച് 15–20 ദിവസങ്ങൾക്ക് ശേഷം മാത്രമേ വളം പ്രയോഗിക്കാവൂ.
- വിളകളുടെ വളർച്ചയും വികാസവും വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ഏപ്രിൽ/മെയ്, സെപ്റ്റംബർ/ഒക്ടോബർ മാസങ്ങളിൽ സിങ്ക് സൾഫേറ്റ് 250 ഗ്രാം/100 ലിറ്റർ വെള്ളത്തിൽ ചേർത്ത് ചെടികൾക്ക് നൽകുക.
- ഉയർന്ന ഉൽപ്പാദന സാങ്കേതികവിദ്യയിൽ 18 മാസം മുതൽ വിളവ് വിളവെടുക്കുന്ന, രണ്ടാം വർഷം മുതൽ പൂർണവളർച്ചയെത്തിയ തോട്ടങ്ങൾക്ക് വളം ശുപാർശകൾ സ്വീകരിക്കാവുന്നതാണ്.
- ഓരോ വിളവെടുപ്പിനു ശേഷവും വളങ്ങൾ കുറഞ്ഞ തോതിൽ നാലോ അതിൽ അധികമോ തവണ ആയി മണ്ണിൽ സംയോജിച്ചോ അല്ലെങ്കിൽ തളിച്ച് കൊടുക്കയോ ചെയ്യാവുന്നതാണ്.
- വേരിന്റെ കേടുപാടുകൾ (റൂട്ട് ഗ്രബ്/ഫ്യൂസാറിയം രോഗങ്ങൾ/മണ്ണിന്റെ ഒതുക്കം) മൂലം ചെടികളുടെ വളർച്ചയെ ബാധിക്കുമ്പോഴെല്ലാം ഡിഎപി (രണ്ട് ശതമാനം) + എംഒപി (രണ്ട് ശതമാനം) ഇലകളിൽ പ്രയോഗിക്കാവുന്നതാണ്.



വളപ്രയോഗം

- സുസ്ഥിരമായ അടിസ്ഥാനത്തിൽ ഒപ്റ്റിമൽ ഉൽപ്പാദനം നേടുന്നതിന് മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള രാസവളങ്ങളുടെ സമയക്രമം പാലിക്കണം.



തണൽ ക്രമീകരണം

- തണൽ ഇഷ്ടപ്പെടുന്ന ഒരു ചെടിയാണ് ഏലം.
- ഭൂമിയുടെ ചരിവ്, മണ്ണിന്റെ തരം, മഴയുടെ രീതി, വിളകളുടെ സംയോജനം മുതലായവയെ ആശ്രയിച്ച് ഏലച്ചെടികളുടെ തണൽ ആവശ്യകതകൾ ഓരോ സ്ഥലത്തും വ്യത്യാസപ്പെടുന്നു.
- കാലാവസ്ഥാ ഘടകങ്ങൾ വളർച്ച, വികസനം, ഉൽപാദനത്തെ ബാധിക്കുന്നു. കനത്തതോ കുറഞ്ഞതോ ആയ തണൽ വിളകളുടെ വളർച്ചയ്ക്കും ഉൽപാദനത്തിനും തടസ്സമാകുന്നത് ശ്രദ്ധായിൽപ്പെട്ടിട്ടുണ്ട്.
- തണൽ മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചുമാറ്റുന്നത് വളരെ പ്രധാനമാണ്, മഴക്കാലം ആരംഭിക്കുന്നതിന് മുമ്പ് ഇത് ചെയ്യണം. എന്നാൽ അതേ സമയം നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഇലകളുടെ മഞ്ഞനിറത്തിന് കാരണമാകുന്നു.

- നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഇലകളുടെ മഞ്ഞനിറത്തിന് കാരണമാകുന്നു. അതിനാൽ, നല്ല വളർച്ചയ്ക്കും കൃത്യസമയത്ത് പൂവിടുന്നതിനും മികച്ച വിളവെടുപ്പിന് 50% തണൽ അനുയോജ്യമാണ്.
- പുതിയ നടീലിനായി കണ്ടെത്തിയ സ്ഥലങ്ങളിൽ വേനൽ മാസങ്ങളിൽ തണൽ ക്രമീകരിക്കൽ, ടെറസിംഗ്, നടീൽ കുഴികൾ തയ്യാറാക്കൽ എന്നിവ ചെയ്യണം.
- 40 – 60% ഫിൽട്ടർ ചെയ്ത വെളിച്ചം പ്രദാനം ചെയ്യുന്നതിനായി തണൽ മരങ്ങളുടെ ശിഖരങ്ങൾ വെട്ടിമാറ്റിയാണ് തണൽ നിയന്ത്രണം നടത്തുന്നത്. സമതുലിതമായ മേലാപ്പ് ഉറപ്പാക്കാൻ, തണൽ മരങ്ങളുടെ എല്ലാ വശങ്ങളിലും ശാഖകൾ വെട്ടിമാറ്റുന്നു.

നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഇലകളുടെ മഞ്ഞനിറത്തിന് കാരണമാകുന്നു. അതിനാൽ, നല്ല വളർച്ചയ്ക്കും കൃത്യസമയത്ത് പൂവിടുന്നതിനും മികച്ച വിളവിന് 50% തണൽ അനുയോജ്യമാകുന്നതിനും വളരെ പ്രധാനമാണ്.

പട്ടിക 1: NPK വളങ്ങളുടെ ഉപയോഗത്തിനുള്ള പട്ടിക

മണ്ണും ഇലകളും	പ്രയോഗിക്കേണ്ട സമയം	
	മണ്ണ്	ഇലകൾ
NPK 37.5:37.5:75kg/ha, യൂറിയ (2.5%). സിംഗിൾ സൂപ്പർ ഫോസ്ഫേറ്റ് (0.75%), മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (1.0%)	മെയ്/ജൂൺ/ സെപ്റ്റംബർ/ ഒക്ടോബർ ഡിസംബർ ജനുവരി	സെപ്റ്റംബർ/ നവംബർ ജനുവരി

തോട്ടങ്ങളിൽ വളർത്താൻ ഏറ്റവും അനുയോജ്യമായ തണൽ മരങ്ങൾ

നരിവേങ്ങ | കാട്ടുവേങ്ങ	കാട്ടു റബ്ബർ
തെള്ളി	ചോള വേങ്ങ
നാഗപ്പമരം	കുടമരം
ചോരപൈൻ /ചോരക്കാലി	വെള്ളപൈൻ
കരുണ	വേമ്പ്

കൂടാതെ മറ്റു പലതും



പരാഗണം

- ഏലത്തിലെ പ്രധാന പരാഗണ ഏജന്റ് തേനീച്ചയാണ് (Apis cerana indica).
- തേനീച്ചകളുടെ ഭക്ഷണം തേടുന്ന സ്വഭാവം രാവിലെ ആരംഭിച്ച് വൈകുന്നേരം വരെ തുടരും. എന്നിരുന്നാലും, രാവിലെ 9 മുതൽ രാത്രി 11 വരെ തീറ്റ കിട്ടും, ഇത് പരമാവധി കായ്കളുടെ രൂപീകരണവുമായി പൊരുത്തപ്പെടുന്നു.
- വൃക്ഷ പൂക്കൾ തേനീച്ചകൾക്കു പൂമ്പൊടിയായും അമൃതിന്റെ ഉറവിടമായും പ്രവർത്തിക്കുന്നു.
- ഗ്രണനിലവാരവും കായ്കലയും തേനീച്ച സന്ദർശനങ്ങളുടെ എണ്ണവുമായി ബന്ധപ്പെട്ടിരിക്കുന്നു.
- പരാഗണത്തെ വർധിപ്പിക്കുന്നതിനും കായ്കൾ കൂടുന്നതിനും കൂടുതൽ കായ്കളുടെ ഉൽപ്പാദനത്തിനും ഒരു ഹെക്ടറിൽ നാല് തേനീച്ച കോളനികൾ പൂവിടുമ്പോൾ ശ്രുപാർശ ചെയ്യുന്നു.
- ഉയർന്ന ഉൽപ്പാദനക്ഷമത നിലനിർത്താൻ, 8–10 വർഷത്തിലൊരിക്കൽ നടീൽ നടത്തുക. വിളവ് സാമ്പത്തിക നിലവാരത്തെക്കാൾ കുറയാൻ തുടങ്ങിയാൽ ചെടി മാറ്റി നടലും നടത്താം.

ഏലത്തോട്ടങ്ങളിൽ തേനീച്ചകളെ വളർത്തുന്നതിനെ പിന്തുണയ്ക്കുന്ന മൊത്തം 19 വൃക്ഷ ഇനങ്ങളെ പട്ടികപ്പെടുത്തിയിട്ടുണ്ട്



മണ്ണ്, ജല സംരക്ഷണ നടപടികൾ

- മിതമായ ചെരിഞ്ഞ പ്രദേശങ്ങളിൽ, നാലു ചെടികൾക്കിടയിൽ ദീർഘചതുരാകൃതിയിലുള്ള ചെളിക്കുഴികൾ (1.0 മീ × 0.5 മീ × 0.6 മീ) തുറക്കുന്നത് മണ്ണിന്റെയും ജലത്തിന്റെയും സംരക്ഷണത്തിന് സഹായിക്കും.
- ചരിവ് കൂത്തനെയുള്ളതാണെങ്കിൽ, ചരിവിന് കുറുകെ 10 മുതൽ 20 മീറ്റർ വരെ ഇടവിട്ട് കയ്യാലകൾ നിർമ്മിക്കുകയും,മണ്ണ്, ജല സംരക്ഷണ നടപടികൾ ശക്തിപ്പെടുത്തുന്നതിന് ഡ്രെയിനേജ് ചാനലുകളിൽ വെള്ളം ശേഖരിക്കുന്ന കിടങ്ങുകൾ സ്ഥാപിക്കുകയും ചെയ്യുക.
- ഇടത്തരം ചരിവുകളുള്ള താഴ്വരകളിലും ഉയർന്ന മഴയുള്ള പ്രദേശങ്ങളിലും, ഏലത്തിന്റെ രണ്ട് വരികൾക്കിടയിൽ അനുയോജ്യമായ അഴുക്കുചാലുകൾ (45 സെന്റീമീറ്റർ ആഴവും 30 സെന്റീമീറ്റർ വീതിയും) നൽകുക.



സഞ്ചാരം സുഗമമാക്കുന്നതിന്, മെയ്-ജൂൺ മാസങ്ങളിൽ മൺസൂണിന് മുമ്പുള്ള മഴയ്ക്ക് ശേഷം ചവറുകൾ നീക്കം ചെയ്യുക.

കളനിയന്ത്രണം

- സസ്യങ്ങൾക്ക് ലഭ്യമായ മണ്ണിലെ ഈർപ്പവും പോഷകങ്ങളും പരമാവധി ഉപയോഗിക്കുന്നതിന് കള നിയന്ത്രണം പ്രധാനമാണ്.
- കള പറിക്കാൻ പാര ഉപയോഗിക്കുന്നത് ഒഴിവാക്കേണ്ടതാണ്, കാരണം ഇത് മണ്ണിനെ അയവുള്ളതാക്കുകയും മണ്ണൊലിപ്പിന് കാരണമാകുകയും ചെയ്യും.
- കഴിയുന്നിടത്തോളം, ബാഷ്പീകരണ നഷ്ടം കുറയ്ക്കുന്നതിനും കളകളുടെ വളർച്ച തടയുന്നതിനും മണ്ണിന്റെ ഏറ്റവും മികച്ച താപനില നിലനിർത്തുന്നതിനും മുഴുവൻ തോട്ടവും പ്രത്യേകിച്ച് ചെടിയുടെ അടിഭാഗവും പുതയിടണം.
- പിന്നീട്, കളകളുടെ വളർച്ചയുടെ തീവ്രതയനുസരിച്ച്, മെയ്, സെപ്റ്റംബർ, ഡിസംബർ/ജനുവരി മാസങ്ങളിൽ ചെടിയുടെ അടിത്തട്ടിൽ 2-3 റൗണ്ട് കൈ കളകൾ നീക്കം ചെയ്യുകയും ഇടവിട്ടുള്ള ഇടങ്ങളിൽ കളകൾ വെട്ടിമാറ്റുകയും ചെയ്യുക.



പുതയിടൽ

- കനത്ത വേനൽ കാലങ്ങളിൽ (ജൂൺ മുതൽ സെപ്റ്റംബർ വരെ) ഒഴികെ, ചെടിയുടെ അടിഭാഗം പുതയിടുന്നത് (5-10 സെന്റീമീറ്റർ കനം) വളരെ അത്യാവശ്യമാണ്.

ഹോർക്കിംഗ്

- മികച്ച മണ്ണ് പരിപാലന രീതികൾ അവലംബിക്കുന്നതിലൂടെ, മണ്ണ് അയഞ്ഞതും ഇളകാത്തതുമായി നിലനിൽക്കും. എന്നിരുന്നാലും, മണ്ണ് ഒതുക്കമുള്ളതും കടുപ്പമേറിയതുമായ സന്ദർഭങ്ങളിൽ, ചെടിയുടെ അടിഭാഗം 90 സെന്റീമീറ്റർ ദൂരത്തിലും 9-12 സെന്റീമീറ്റർ വരെ ആഴത്തിലും കിളക്കുന്നത് വേരുകളുടെ വ്യാപനം വർദ്ധിപ്പിക്കുന്നതിനും വേനൽമഴയിലെ മികച്ച നുഴഞ്ഞുകയറ്റത്തിനും മണ്ണിന്റെ വായുസഞ്ചാരം മെച്ചപ്പെടുത്തുന്നതിനും ഗുണം ചെയ്യും.

- നവംബർ/ഡിസംബർ മാസങ്ങളിൽ വടക്ക് കിഴക്കൻ മൺസൂൺ അവസാനിക്കുന്നതോടെ വേര് പടലത്തിന് ഏറ്റവും കുറഞ്ഞ കേടുപാടുകൾ കിളക്കുന്ന സമയങ്ങളിൽ വരുന്നപോലെ ശ്രദ്ധിക്കുക.

വെട്ടിക്കൂട്ടൽ



- ചവറുകൂട്ടയിൽ പഴയ ചിന്പുകൾ, ചത്ത റൈസോം, ഉണങ്ങിയ ഇലകൾ, ഇലക്കറകൾ എന്നിവ നീക്കം ചെയ്യുന്നു.
- മഴയെ ആശ്രയിച്ചുള്ള വർഷത്തിൽ സാഹചര്യങ്ങളിൽ ഒരു തവണയും ജലസേചന സൗകര്യമുള്ള ഉയർന്ന സാന്ദ്രതയുള്ള തോട്ടങ്ങളിൽ 2–3 തവണയും വെട്ടിക്കൂട്ടൽ നടത്താം

ശിഖരം മുറിക്കൽ



- മൂർച്ചയുള്ള അരിവാൾ ഉപയോഗിച്ച് മുതിർന്ന തണ്ടിൽ നിന്ന് ചത്തതും തൂങ്ങിക്കിടക്കുന്നതുമായ ഇലകൾ നീക്കം ചെയ്യുന്നതിനായി നടത്തുന്ന പ്രക്രിയയാണ് പ്രൂണിങ്.
- മുതിർന്ന തണ്ടിൽ നിന്ന് ഇലയുടെ പോള കളയാതിരിക്കാൻ ശ്രദ്ധിക്കണം.
- ഈ പ്രക്രിയ ജനുവരിയിലും സെപ്റ്റംബറിലും നടത്താം, ഇത് ഏറ്റവും ഉയർന്ന മുകുളങ്ങൾ വരുന്നതിനു സഹായിക്കുന്നു.
- ശിഖരം മുറിക്കുന്ന വഴി ലഭിക്കുന്ന സസ്യ പദാർത്ഥങ്ങൾ പുതയിടുന്നതിന് ഉപയോഗിക്കാം..

കുന്പൽ കൂട്ടുക

ചെടിയുടെ അടിത്തട്ടിൽ പൊതിഞ്ഞ മേൽമണ്ണ് ഒഴുകിപ്പോവുകയും റൈസോമുകളും വേരുകളും വെളിപ്പെടുകയും ചെയ്യുമ്പോൾ, വടക്ക്–കിഴക്കൻ മൺസൂൺ പിൻവാങ്ങുന്നതിന് മുന്പ് നവംബർ/ഡിസംബർ മാസങ്ങളിൽ ചെടിയുടെ അടിത്തട്ടിൽ മുകൾ മണ്ണ് ഉപയോഗിച്ച് മണ്ണ് കുന്പൽ കൂട്ടാൻ ശുപാർശ ചെയ്യുന്നു.

ജലസേചനം

- ജനുവരി മുതൽ മെയ് വരെ ജലസേചനം ആവശ്യമാണ്.
- ഹോസ് സ്പ്രിങ്ളർ/മൈക്രോ സ്പ്രിങ്ക്ളർ ഡ്രിപ്പ് വഴിയുള്ള ജലസേചനത്തിന്റെ സൗകര്യപ്രദമായ രീതി അവലംബിച്ച്, മഴക്കാലം ആരംഭിക്കുന്നത് വരെ 10–15 ദിവസത്തെ ഇടവേളയിൽ ജലസേചനം നടത്തണം.

- ഓരോ ചെടിക്കും 20–30 ലിറ്റർ എന്ന തോതിൽ ഓരോ ആഴ്ചയും ഇടവേളകളിൽ നനയ്ക്കാവുന്നതാണ്.
- ഏലത്തോട്ടങ്ങളിൽ ഫോഗർ മൂടൽമഞ്ഞ് വ്യാപകമായി ഉപയോഗിക്കുന്നു, വളർച്ചയും പൂവിടുന്നതിനും വിത്ത് പാകമാകുന്നതിനുമുള്ള അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സസ്യ പരിസ്ഥിതി വ്യവസ്ഥയ്ക്കുള്ളിൽ അനുയോജ്യമായ ഒരു മൈക്രോക്ലൈമറ്റ് (ആപേക്ഷിക ആർദ്രത നിലനിർത്തുക) സൃഷ്ടിക്കുന്നു.
- തുള്ളി നനയുടെ കാര്യത്തിൽ, മാസത്തിലൊരിക്കൽ ജലസേചനത്തോടൊപ്പം നൽകേണ്ടതുണ്ട്.
- ജലസേചന സംവിധാനങ്ങളുടെ പ്രവർത്തനത്തിന്റെ അത് സ്പ്രിംഗ്ളർ ആവൃത്തി തോട്ടത്തിലെ മാക്രോക്ലൈമറ്റിനെ ആശ്രയിച്ചിരിക്കുന്നു, അതിനാൽ പ്രത്യേക പ്രാദേശിക കാലാവസ്ഥാ സാഹചര്യങ്ങൾക്കനുസൃതമായി മാനദണ്ഡമാക്കിയിരിക്കണം.
- തട്ട ചീയൽ രോഗങ്ങൾ ഉണ്ടാകുന്നത് തടയാൻ ചെടിയുടെ അടിത്തട്ടിൽ അധികമായി ഈർപ്പം ഉണ്ടാകാതിരിക്കാൻ ജലസേചനം അതീവ ശ്രദ്ധയോടെ നടത്തണം.

കീടരോഗ പരിപാലനം

രോഗങ്ങൾ–നഴ്സറി ഘട്ടം

നഴ്സറി ലീഫ് സ്പോട്ട്

• പ്രൈമറി നഴ്സറി

- കാരണമാകുന്ന ഏജന്റ്: ഫംഗസ് ഫിലോസ്റ്റിക്ട്ട് എലെറ്റേറിയ
- കാലയളവ്: ഫെബ്രുവരി–ഏപ്രിൽ മാസങ്ങളിൽ വേനൽമഴയുടെ വരവോടെ കൂടുതലായി പ്രത്യക്ഷപ്പെടുന്നു.
- ലക്ഷണങ്ങൾ:
  - പ്രാരംഭ ഘട്ടം – ചെറുതോ വൃത്താകൃതിയിലുള്ളതോ ഓവൽ ആകൃതിയിലുള്ളതോ ആയ പാടുകൾ, അവ മങ്ങിയ വെളുത്ത നിറമാണ്.
  - പിന്നീടുള്ള ഘട്ടം – സ്പോട്ടിന്റെ മധ്യഭാഗം വാടിപ്പോകുന്നത് ചെറിയ കിഴുത്ത രൂപീകരണത്തിലേക്ക് നയിക്കുന്നു.

സെക്കണ്ടറി നഴ്സറി

- കാരണക്കാരൻ: സെർകോസ്പോറ സിംഗിബെറി
- ലക്ഷണങ്ങൾ: ലാമിനയിൽ വശത്തെ സിരയ്ക്ക് ഏതാണ്ട് സമാന്തരമായ മഞ്ഞനിറം മുതൽ ചുവപ്പ് കലർന്ന തവിട്ട് ചതുരാകൃതിയിലുള്ള പാടുകൾ. ഒരേ സ്ഥലത്ത് തുടർച്ചയായി നഴ്സറികൾ വളർത്തുന്ന രീതി ഒഴിവാക്കാം.

നഴ്സറി ലീഫ് സ്പോട്ട് പരിപാലനം

- തൈകളുടെ മതിയായ വളർച്ച ഉറപ്പാക്കാൻ, ആഗസ്റ്റ്–സെപ്റ്റംബർ മാസങ്ങളിൽ തൈകൾ നടണം, അങ്ങനെ അവ രോഗത്തോട് സഹിഷ്ണുത വളർത്തുന്നു.
- ഒരേ സൈറ്റിൽ തുടർച്ചയായി നഴ്സറികൾ വളർത്തുന്ന രീതി ഒഴിവാക്കാം.
- മുകളിൽ നിന്നോ വശങ്ങളിൽ നിന്നോ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.



നഴ്സറി ഇല ചെംചീയൽ

- കാരണക്കാരൻ: പൂപ്പൽ (ഫ്യൂസാറിയവും ആൾട്ടർനേറിയയും)
- കാലഘട്ടം: മൂന്നോ നാലോ മാസം പ്രായമുള്ള, ഇളം തൈകളിൽ പ്രത്യക്ഷപ്പെടുന്നു.
- ലക്ഷണങ്ങൾ
  - സസ്യജാലങ്ങളിൽ വെള്ളത്തിൽ കുതിർന്ന മുറിവുകൾ.
  - സാധാരണയായി ഇലയുടെ അഗ്രഭാഗത്തിനും വിദൂര ഭാഗങ്ങൾക്കും കേടുപാടുകൾ സംഭവിക്കുന്നു.
- കഠിനമായ സാഹചര്യങ്ങളിൽ ഇലഞെട്ടും ഇലകളും ചീഞ്ഞഴുകിപ്പോകും.

നഴ്സറി ഇല ചീയൽ പരിപാലനം

- ശരിയായ നീർവാഴ്ച നൽകുക.
- തൈകൾ അമിതമായി നനയ്ക്കുന്നത് ഒഴിവാക്കുക.

ഡാംപിംഗ് ഓഫ് അല്ലെങ്കിൽ തൈ ചെംചീയൽ

- കാരണക്കാരൻ: പത്തിയം വെക്സാൻസ്, റൈസോക്ടോണിയ സോളാനി തുടങ്ങിയ മണ്ണിൽ പരത്തുന്ന രോഗാണുക്കൾ.
- ഫ്യൂസാറിയം ഓക്സി സ്പോറവും സമാനമായ തൈകൾ ചീഞ്ഞളിഞ്ഞതിന് കാരണമാകുന്നു, അതിന്റെ ഫലമായി മുഴുവൻ തൈകളും വാടിപ്പോകുന്നു.

ഡാംപിംഗ് ഓഫ് അല്ലെങ്കിൽ തൈ ചെംചീയൽ പരിപാലനം

- ശരിയായ നീർവാഴ്ച നൽകി വയലിൽ വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കുക.
- ഒപ്റ്റിമൽ സസ്യ ജനസംഖ്യ നിലനിർത്തുക. രോഗബാധയുള്ളതും ചത്തതുമായ തൈകൾ നീക്കം ചെയ്തുകൊണ്ട് നഴ്സറികളിൽ ശരിയായ ഫൈറ്റോ-സാനിറ്ററി നടപടികൾ നിലനിർത്തുക.

- തൈകൾ നേടുന്നതിന് മുമ്പ് ട്രൈക്കോഡെർമ അല്ലെങ്കിൽ സ്യൂഡോമോണസ് ഉപയോഗിച്ച് വിത്ത് മുൻകൂട്ടി സംസ്കരിക്കുക, അല്ലെങ്കിൽ നഴ്സറി ബെഡിൽ ട്രൈക്കോഡെർമ പ്രയോഗിക്കുക. 100 g/m2 (106 cfu/g ഉള്ള ടാൽക് ഫോർമുലേഷൻ)

കൃഷിസ്ഥലത്തെ രോഗങ്ങൾ

കായ്കളിലെ ചെംചീയൽ/അഴുക്കൽ

കനത്തതും തുടർച്ചയായതുമായ മഴയിൽ വിളനാശം 40 ശതമാനമാണ്.

കായ്കളിലെ ചെംചീയലിന്റെ ലക്ഷണങ്ങൾ

- മഴക്കാലത്ത് ഇലകളിലും ഇളം ചിനപ്പൊട്ടലിലും ചിമ്പിലും കൂമ്പുകളിലും പ്രത്യക്ഷപ്പെടും.
- ഇലകൾ: വെള്ളത്തിൽ കുതിർന്ന ക്ഷതങ്ങൾ ആദ്യം പ്രത്യക്ഷപ്പെടുകയും ഇലകൾ ചീഞ്ഞഴുകുകയും ചെയ്യുന്നു.



- കായ്കൾ മുഷിഞ്ഞ പച്ചകലർന്ന തവിട്ടുനിറമാവുകയും ചീഞ്ഞഴുകുകയും ചെയ്യുന്നു.
- മൂപ്പെത്തിയ കായ്കൾ രോഗബാധിതരാകുമ്പോൾ വിളവെടുപ്പിനുശേഷം ഉണങ്ങുമ്പോൾ ചുരുങ്ങിപ്പോകും.
- ഇത് ഒരു ദുർഗന്ധം പുറപ്പെടുവിക്കുകയും പിന്നീട് പുറംതള്ളുകയും ചെയ്യുന്നു.
- നന്ത മഴയും ഉയർന്ന ആപേക്ഷിക ആർദ്രതയും ഉള്ള ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ രോഗത്തിന്റെ ഉയർന്ന സംഭവങ്ങൾ സാധാരണയായി ശ്രദ്ധിക്കപ്പെടുന്നു.

കായ്കളിലെ ചെംചീയൽ/അഴുകൽ പരിപാലനം

സാംസ്കാരിക സമ്പ്രദായങ്ങൾ

- ഫൈറ്റോസാനിറ്റേഷൻ
- നിഴൽ നിയന്ത്രണം
- ശരിയായ നീർവാഴ്ച
- രോഗാണുക്കളുടെ എണ്ണം കുറയ്ക്കുന്നതിന് മണ്ണ് ഭേദഗതിയായി മഴക്കാലത്തിന് മുമ്പ് വേപ്പിൻ പിണ്ണാക്ക് പ്രയോഗിക്കുക.

ജൈവ നിയന്ത്രണം

- വിലക്കുടിയ സിന്തറ്റിക് കെമിക്കൽ കുമിൾനാശിനികളുടെ ഉപയോഗം ഒഴിവാക്കി പൂർണ്ണമായും സുരക്ഷിതമായ രീതിയിൽ സസ്യ രോഗാണുക്കൾക്കെതിരെ പോരാടുന്നതിനുള്ള പരിസ്ഥിതി സൗഹൃദ രോഗ പരിപാലന സംവിധാനം.
- ട്രൈക്കോഡെർമ വിറൈഡ്, ടി. ഹാർസിയാനം, ലെറ്റിസാരിയ എസ്പി എന്നിവയുടെ ഒറ്റപ്പെട്ട മരുന്നുകൾ രോഗത്തെ നിയന്ത്രിക്കാൻ വളരെ ഫലപ്രദമാണ്.
- ട്രൈക്കോഡർമ ഹർസിയനം@100g സഹിതം 5kg ഫാം മുറ്റത്തെ വളം, 500g വേപ്പിൻ പിണ്ണാക്ക് എന്നിവ ചെടിക്ക് യഥാക്രമം 3L എന്ന തോതിൽ ഏറ്റവും ഫലപ്രദമായ തന്ത്രമാണ്, അല്ലെങ്കിൽ
- ട്രൈക്കോഡെർമ ഹാർസിയാനം 0.50% WS @100 ഗ്രാം/ചെടി (മണ്ണ് സംസ്കരണം): വേപ്പിന് പിണ്ണാക്ക് (0.5 കി.ഗ്രാം/ ചെടി), 5 കി.ഗ്രാം എഫ്.വൈ.എം.

തട്ട ചീയൽ / സോം ചെംചീയൽ

- മഴക്കാലത്താണ് സംഭവിക്കുന്നത്.
- പൈത്തിയം വെക്സാൻ, റൈസോക്ടോണിയ സോളാനി, ഫ്യൂസാറിയം എസ്പി എന്നിവയുടെ സംയോജിത അണുബാധ മൂലമാണ് ഈ രോഗം ഉണ്ടാകുന്നത്.

തട്ട ചീയൽ / റൈസോം ചെംചീയൽ എന്നിവയുടെ ലക്ഷണങ്ങൾ

- കോളർ മേഖലയിലെ ചിനപ്പ് നശിക്കുന്നു.
- ഇലകളുടെ മഞ്ഞനിറം.



- രോഗം മൂർച്ഛിക്കുന്നതിനനുസരിച്ച് ചിമ്പുകൾ മറിഞ്ഞു വീഴുന്നു.
- രോഗബാധിതമായ കൂട്ടത്തിന്റെ അടിഭാഗത്ത് നിറവ്യത്യാസം.

തട്ട ചീയൽ/റൈസോം ചെംചീയൽ പരിപാലനം

സാംസ്കാരിക സമ്പ്രദായങ്ങൾ

- ശരിയായ നീർവാഴ്ച നൽകി മണ്ണിന്റെ ഈർപ്പം നിലനിർത്തുക.
- മഴക്കാലം ആരംഭിക്കുന്നതിന് മുമ്പ് ചെടിയുടെ ചുവട്ടിൽ നിന്ന് ചവറുകൾ നീക്കം ചെയ്യുക, കളകൾ നീക്കം ചെയ്യുക, ചവറുകൂട്ടകൾ നീക്കം ചെയ്യുക.
- നിഴൽ നിയന്ത്രണം.
- രോഗം ബാധിച്ച ചെടികൾ നീക്കം ചെയ്യുകയും നശിപ്പിക്കുകയും ചെയ്യുക.
- രോഗബാധിത പ്രദേശങ്ങളിൽ തട്ട ചീയൽ പ്രതിരോധശേഷിയുള്ള ഐഐഎസ്ആർ അവിനാഷ് ഇനം കൃഷി ചെയ്യുക

ജൈവവളക്കൂട്ടുകൾ

- മാർഗ്ഗനിർദ്ദേശപ്രകാരം രോഗത്തിനെതിരെ വേപ്പിൻ കുരു സത്ത് (വേപ്പ് സ്വർണ്ണം), വെളുത്തുള്ളി സത്ത് എന്നിവ പ്രയോഗിക്കുക ബയോ അജന്റുകൾ
- റൈസോം ബാക്ടീരിയലൈസേഷനും ബാക്ടീരിയയുടെ മണ്ണ് പ്രയോഗവും (പി. ഫ്ലൂറസെൻസും ബാസിലസ് സബിലിസും) അല്ലെങ്കിൽ
- ടി. ഹാർസിയാനം, പി. ഫ്ലൂറസെൻസ്, ബി. സബിലിസ് എന്നിവയുടെ അടിസ്ഥാന പ്രയോഗം മികച്ച വിളവ് നൽകുന്നു
- അനുയോജ്യമായ കാരിയർ മീഡിയയിൽ തയ്യാറാക്കിയ ടൈക്കോഡെർമ ഹാർസിയാനം മെയ്, സെപ്റ്റംബർ–ഒക്ടോബർ മാസങ്ങളിൽ ഒരു കി.ഗ്രാം എന്ന തോതിൽ ചെടിത്തടങ്ങളിൽ പ്രയോഗിക്കാവുന്നതാണ്. കോപ്പർ ഓക്സിക്ലോറൈഡോ മറ്റ് കുമിൾനാശിനികളോ ഉപയോഗിച്ച് മണ്ണ് നനച്ചാൽ, ടൈക്കോഡെർമ 15 ദിവസത്തിന് ശേഷം മാത്രമേ പ്രയോഗിക്കാവൂ.

ഫ്യൂസാറിയം ചെംചീയൽ / തണ്ട് ചെംചീയൽ / സ്റ്റെം ലോജിംഗ്

- "ഫ്യൂസാറിയം ഓക്സി സ്പോറം" എന്ന ഫംഗസ് മൂലമുണ്ടാകുന്ന ഈ രോഗം. മൺസൂണിന് ശേഷമുള്ള സമയത്താണ് സാധാരണയായി കാണപ്പെടുന്നത്

ഫ്യൂസാറിയം ചെംചീയൽ / തണ്ട് ചെംചീയൽ / സ്റ്റെം ലോഡ്ജിംഗ് ലക്ഷണങ്ങൾ

- രോഗാണുക്കൾ സാധാരണയായി ചിമ്പുകളുടെ മധ്യഭാഗത്തെ ആക്രമിക്കുകയും ഇളം നിറമുള്ള ഒരു ക്ഷതം ഉണ്ടാക്കാൻ ഇടയാക്കുകയും ചെയ്യുന്നു.
- ഭാഗികമായി തകർന്ന ചിമ്പുകൾ കുനിഞ്ഞ് അണുബാധയുടെ സ്ഥാനത്ത് നിന്ന് തൂങ്ങിക്കിടക്കുന്നു.

ചിമ്പുളുടെ താഴത്തെ ഭാഗത്താണ് അണുബാധയുണ്ടാകുന്നതെങ്കിൽ രോഗം ബാധിച്ച ചിമ്പുകൾ കൊഴിഞ്ഞു വീഴുകയും നിശ്ചലമായി തോന്നുകയും ചെയ്യും.



- ചിമ്പുളുടെ താഴത്തെ ഭാഗത്താണ് അണുബാധയുണ്ടാകുന്നതെങ്കിൽ, രോഗം ബാധിച്ച ചിമ്പുകൾ കൊഴിഞ്ഞു വീഴുകയും നിശ്ചലമായി തോന്നുകയും ചെയ്യും.

സാറിയം ചെംചീയൽ / തണ്ട് ചെംചീയൽ / സ്റ്റെം ലോജിംഗ് പരിപാലനം

സാംസ്കാരിക സമ്പ്രദായങ്ങൾ

- ഫൈറ്റോസാനിറ്റേഷൻ.
- തോട്ടത്തിൽ ആവശ്യത്തിന് തണൽ നൽകുക.

ജൈവ നിയന്ത്രണം

- ടി.വിറൈഡ്, ടി. ഹാർസിയാനം, ബി. സബ്റ്റിലിസ്, പി. ഫ്ലൂറസെൻസ് എന്നിവ രോഗത്തിൻറെ വളർച്ചയെ ഫലപ്രദമായി തടയുകയും അതിന്റെ തീവ്രത കുറയ്ക്കുകയും ചെയ്യുന്നു.
- ടി. ഹാർസിയാനത്തിന്റെ അടിസ്ഥാന പ്രയോഗം, പി.ഫ്ലൂറസെൻസ് തളിക്കുന്നതിനും നനയ്ക്കുന്നതിനുമൊപ്പം അല്ലെങ്കിൽ
- ഒരു കിലോ വേപ്പിന് പിണ്ണാക്ക് ഉപയോഗിച്ച് ടി. ഹാർസിയാനം @ 50 ഗ്രാം അടിവശം പ്രയോഗിക്കുകയും പി. ഫ്ലൂറസെൻസ് അല്ലെങ്കിൽ കൺസോർഷ്യം ഉപയോഗിച്ച് പി. ഫ്ലൂറസെൻസ് സ്ട്രെയിനുകൾ ഐഐഎസ്ആർ 6, ഐഐഎസ്ആർ 859 @ 2% എന്നിവ ഉപയോഗിച്ച് ഏരിയൽ സ്പ്രേ എന്നിവ ഫലപ്രദമായ മാനേജ്മെന്റ് തന്ത്രമാണ്.



ഇല വാട്ടം

- കൊളെറ്റോട്രിക്കം ഗ്ലോസ്പോരിയോയ്ഡുകളുടെ ഇലകളിലെ അണുബാധ മൂലമാണ് ഇത് സംഭവിക്കുന്നത്
- ഇലയുടെ ലാമിനയിൽ തവിട്ടുനിറത്തിലുള്ള പാടുകളും വിള്ളലുകളും
- പ്രാരംഭ ഘട്ടം: ഇലകളിൽ വെള്ളത്തിൽ കുതിർന്ന മുറിവുകൾ പിന്നീട് മഞ്ഞകലർന്ന തവിട്ടുനിറം മുതൽ ചുവപ്പ് കലർന്ന തവിട്ടുനിറത്തിലുള്ള പാടുകൾ രൂപപ്പെടുകയും പിന്നീട് വാടിപ്പോകുകയും ചെയ്യുന്നു.
- പുരോഗമിച്ച ഘട്ടം: ഇളയതും പ്രായമായതുമായ ഇലകളിൽ ഇത്തരം നിരവധി മുറിവുകൾ വികസിക്കുന്നു, ഇത് ക്രമേണ ഉണങ്ങുകയും ചെടികൾക്ക് കരിഞ്ഞ രൂപം നൽകുകയും ചെയ്യുന്നു.

ഇല വാട്ടം പരിപാലനം

സാംസ്കാരിക സമ്പ്രദായങ്ങൾ

- ബാധിച്ച ചെടികൾ ശേഖരിച്ച് നശിപ്പിക്കുക
- തോട്ടത്തിൽ ആവശ്യത്തിന് തണൽ നൽകുക.
- 40-60% ഫിൽട്ടർ ചെയ്ത പ്രകാശത്തിന്റെ ആവശ്യമായ തണൽ നിലനിർത്തുക.

ജൈവ നിയന്ത്രണം

- 1–2 ശതമാനം പി. ഫ്ലൂറസെൻസുകൾ വർഷത്തിൽ 3 മുതൽ 4 തവണ വരെ ചെടികളിൽ തളിക്കുക.

വൈറൽ രോഗങ്ങൾ

മൊസൈക്ക് അല്ലെങ്കിൽ കാറ്റെ രോഗം

- ഏലക്ക മൊസൈക് വൈറസ് (CdMV) ആണ് ഈ രോഗം ഉണ്ടാക്കുന്നത്.
- ഉൽപ്പാദനക്ഷമതയിൽ ക്രമാനുഗതമായ കുറവുണ്ടാകുന്നു.
- 70% വരെ വിളവ് കുറയുന്നതോടെ അണുബാധയുണ്ടായി 3–5 വർഷത്തിനു ശേഷം ചെടികളുടെ ആകെ നാശം സംഭവിക്കുന്നു.
- അഫിഡ് വെക്റ്റർ (പെന്റലോണിയ കാലാഡി വഴിയും രോഗബാധിതമായ റൈസോമുകൾ വഴിയും വൈറസ് വ്യാപിക്കുന്നു.

തെക്ക്-പടിഞ്ഞാറൻ മൺസൂൺ സീസൺ ആരംഭിക്കുന്നതിന് മുമ്പ് തണൽ പരിപാലനം ഏറ്റെടുക്കുക.



മൊസൈക്ക് അല്ലെങ്കിൽ കാറ്റെ രോഗത്തിന്റെ ലക്ഷണങ്ങൾ

- പ്രാരംഭ ഘട്ടത്തിൽ, ഇളം ഇലകൾ നേർത്ത ക്ലോറോട്ടിക് പാടുകളായി കാണപ്പെടുന്നു. ഈ പാടുകൾ പിന്നീട് ഇളം പച്ച നിറത്തിലുള്ള വരകളായി വികസിക്കുന്നു.
- പിന്നീട്, ഇലയുടെ ലാമിനയിൽ മൊസൈക് ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നു.
- ഇലകളിലും ഇളം കപട തണ്ടുകളിലും മൊസൈക് തരം മൊട്ടലിംഗ് കാണപ്പെടുന്നു.
- എല്ലാ ഘട്ടങ്ങളിലുമുള്ള സസ്യങ്ങൾ അണുബാധയ്ക്ക് ഇരയാകുന്നു, പുരോഗമന ഘട്ടങ്ങളിൽ, ബാധിച്ച ചെടികൾ ചെറിയ ചിനുകളുള്ള ചെറുതും മെലിഞ്ഞതുമായ ചരങ്ങൾ ഉത്പാദിപ്പിക്കുകയും ക്രമേണ നശിക്കുകയും ചെയ്യുന്നു.

ക്ലോറോട്ടിക് സ്ട്രീക്ക് രോഗം

- ഈ രോഗം പ്രത്യേകിച്ച് കേരളത്തിലും കർണാടകത്തിലും ഏലം കൃഷിക്ക് ഒരു പുതിയ ഭീഷണിയാണ്.
- കാരണമാകുന്ന ഏജന്റ്: ബനാന ബ്രാക്റ്റ് മൊസൈക്ക് വൈറസ് (BBrMV) ഒക്ടോബർ 2022 | 51.
- രോഗബാധിതരായ തട്ടകൾ നടുന്നതിലൂടെയാണ് ഇത് പകരുന്നത്.

ക്ലോറോട്ടിക് സ്ട്രീക്ക് രോഗത്തിന്റെ ലക്ഷണങ്ങൾ

- പ്രാരംഭ ഘട്ടങ്ങളിൽ, തുടർച്ചയായ അല്ലെങ്കിൽ കതിർ ഇലകളിൽ മഞ്ഞയോ ഇളം പച്ചയോ വരകൾ ഞരമ്പിലൂടെയും മധ്യസിരയിലൂടെയും കാണപ്പെടുന്നു, കൂടാതെ ഞരമ്പുകൾക്ക് മഞ്ഞയോ ഇളം പച്ചയോ നിറമാകും.
- കപട തണ്ടിലും ഇലഞെട്ടിന് മേലും തുടർച്ചയായ സ്പിൻഡിൽ ആകൃതിയിലുള്ള മൊട്ടുകൾ പ്രത്യക്ഷപ്പെടുന്നു.

വൈറൽ രോഗങ്ങളുടെ പരിപാലനം

ഏലത്തിന്റെ വൈറൽ രോഗങ്ങളുടെ സംയോജിത പരിപാലനം



- കൃഷി ഇടത്തിന്റെ സമയബന്ധിതമായ പരിശോധന, വൈറസ് ഉറവിടങ്ങൾ കണ്ടെത്തൽ, തുരത്തൽ എന്നിവ രോഗം ബാധിച്ച ഉറവിടത്തിൽ നിന്നുള്ള വീണ്ടും അണുബാധ കുറയ്ക്കുന്നു.
- വൈറസ് രഹിതമായ നടീൽ വസ്തുക്കളുടെ ഉപയോഗം രോഗബാധയില്ലാത്ത സ്ഥലങ്ങളിലേക്ക് രോഗം കൊണ്ടുവരുന്നത് തടയുന്നു.
- തൈകളും ക്ലോണൽ നഴ്സറികളും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വളർത്തണം
- പ്രത്യക്ഷത്തിൽ ആരോഗ്യമുള്ള ഉയർന്ന വിളവ് നൽകുന്ന ചെടികളിൽ നിന്നുള്ള ക്ലോണുകൾ വിടവ് നികത്തുന്നതിനും പുതിയ തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും ഉപയോഗിക്കാം.
- രോഗം ബാധിച്ച ചെടികൾ നീക്കം ചെയ്ത് നശിപ്പിക്കുക
- കാലാകാലങ്ങളിൽ പഴകിയ ഭാഗങ്ങൾ നീക്കം ചെയ്യുന്നത് മുഞ്ഞയുടെ എണ്ണം കുറയ്ക്കുന്നതിനും വൈറൽ രോഗങ്ങളുടെ വ്യാപനം കുറയ്ക്കുന്നതിനും ഫലപ്രദമാണ്.
- പ്ലാന്റ് പ്രതിരോധശേഷിയുള്ള ഇനം ആരിക്കണം കാട്ടെ സാധ്യതയുള്ള പ്രദേശങ്ങളിൽ IISR വിജേത് ഇനം തൈകൾ ഉപയോഗിക്കണം.
- പ്രകൃതിദത്ത ആതിഥേയരായ കൊളക്കാസിയ, കാലാഡിയം എന്നിവ നീക്കം ചെയ്യുന്നത് കീട പ്രെജനന കേന്ദ്രങ്ങളെ നശിപ്പിക്കുകയും രോഗകാരികളുടെ ജനസംഖ്യാ വർധന പ്രതിരോധിക്കുകയും ചെയ്യുന്നു.
- 0.1% സാന്ദ്രതയുള്ള വേപ്പിനെ അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങൾ ഏലക്കയുടെ ഇലകളിൽ മുഞ്ഞയുടെ അധിവാസം ഗണ്യമായി കുറയ്ക്കുന്നു, മാത്രമല്ല ഉയർന്ന സാന്ദ്രതയിൽ മുഞ്ഞയ്ക്ക് ഇത് മാരകവുമാണ്.
- പ്രകൃതിദത്ത ശത്രുക്കളായ പെരാഗം ഇൻഡിക്ക, കോസിനല്ല ട്രാൻസർ സാലിസ്, ഇഷിയോഡൺ സ്ക്യൂട്ടെല്ലറിസ് എന്നിവയും മുഞ്ഞയെക്കാൾ മുൻപുള്ളതായി നിരീക്ഷിക്കപ്പെടുന്നു.



ഏലക്കയുടെ കീടങ്ങളെ പരിശോധിക്കാം

